vol. 10 No. 3 October 2020

# സാക്ഷ്യം

## ഫെലോഷിപ്പ്



പ്രേഷിത സഹകാരികൾക്കുള്ള പ്രസിദ്ധീകരണം

# CONTENTS

VOL. 10, NO. 3,OCTOBER 2020

Patron:
**Very Rev. Fr Antony Perumanoor**

Managing Editor:
**Rev. Fr Peter Kavumpuram**

Chief Editor:
**Fr. Monse Kuruvakunnel**

Editorial board:
**Fr Justine Vettukallel**
**Fr James Kurukilamkatt**
**Sr Ancil Maria FCC**
**Mr Issac Olickal**
**Mr Jacob Padalody**

Design & Layout:
**Jibin Mathew**

Direct all correspondence to:
Editor
Santhome Fellowship
Deepti bhavan
Melampara-686578
Kottayam, Kerala, India

Tel. +91 4822-236353
Mob. +91 9495992501
9544183779

E-mail:
mstassociates@gmail.com
Web: www.mstworld.org/santhome-fellowship

Santhome Fellowship is a missionary periodical of the missionary society of st thomas apostle(mst) for all its friends and collaborates
(Private circulation only)




ജനറാളച്ചന്റെ സന്ദേശം



പിതാവ് മക്കളോട്
ബിഷപ് തോമസ് ഇലവനാൽ



കുടുംബജീവിതം കൊറോണക്കാലത്തിൽ
റവ. ഫാ. ജോൺ പന്തലിപ്പാടൻ



ജീവനിർഝരി
സി. റോസ എസ്സ്. എസ്സ്. ജെ



കോവിഡ് വെല്ലുവിളികളും പ്രതിവിധികളും
സിജി ബിജു

മിഷൻ ന്യൂസ്



വഴിത്താര തീർക്കുന്നവർ
തോമസ് ഞിച്ചിരിക്കൽ

# എഡിറ്റോറിയൽ

സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ കലവറ തുറന്ന് മറിയം എന്ന ഗോവണിയിലൂടെ ദൈവം അനുഗ്രഹം വർഷിക്കുന്ന മാസം ആണ് ഒക്ടോബർ മാസം, അല്ലെങ്കിൽ ജപമാല മാസം. ജോൺ പോൾ രണ്ടാമൻ പാപ്പാ പറയുന്നുണ്ട് മറിയത്തെ ചാരിയിരുന്ന് ഈശോയുടെ രക്ഷാകര സംഭവങ്ങളെ ധ്യാനിക്കുന്ന പ്രാർത്ഥനയാണ് ജപമാല. ഈശോയെ ആരൊക്കെ ജീവിതത്തിലേക്ക് ക്ഷണിക്കുന്നുവോ അവരുടെ അടുത്തേയ്ക്കു അമ്മയും വരും. യോഹന്നാന്റെ സുവിശേഷം രണ്ടാം അധ്യായത്തിൽ പറയുന്നു ഈശോയും ശിഷ്യരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു എന്നാൽ അമ്മ അവിടെ ഉണ്ടായിരുന്നു. ക്ഷണിക്കപ്പെടാതെ എത്തുന്ന അതിഥിയാണ് അമ്മ. കുരിശിൻ ചുവട്ടിൽ നിന്നു യോഹന്നാൻ ശ്ലീഹാ അമ്മയെ കൂടെ കൂട്ടിയതിന് ശേഷം പിന്നീട് അങ്ങോട്ട് അവൻ തനിച്ചല്ല. അമ്മയുണ്ട് ചാരെ, അമ്മയെ നമുക്കും കൂടെ കൂട്ടാം. കോവിഡ് മഹാമാരിയിലൂടെ ലോകം മുഴുവൻ കടന്നുപോകുമ്പോൾ നമ്മുടെ കരങ്ങളിൽ ജപമാല ആകുന്ന ആയുധം എടുക്കാം. വിശുദ്ധ അപ്രേം പറയുന്നതുപോലെ, ജപമാല പ്രാർത്ഥന നാം ബാങ്കിൽ പണം നിക്ഷേപിക്കുന്നത് പോലെയാണ്. എത്രമാത്രം ജപമാല ചൊല്ലാമോ അത്രമാത്രം ജപമാല ചൊല്ലി നിക്ഷേപം കൂട്ടണം. നമുക്ക് എപ്പോഴാണോ ദൈവ സഹായം ആവശ്യമായി വരുന്നത് അപ്പോൾ ദൈവം ഇതിന്റെ പലിശ കൊണ്ട് നമ്മെ സഹായിക്കും. അമ്മയുടെ കരുത്തുള്ള കരങ്ങളിൽ മുറുകെ പിടിക്കാം. സുവിശേഷം കോർത്തു വച്ച നൂലിൽ നമ്മുടെ ജീവിതവും ചേർത്തു വയ്ക്കാം.

ഒക്ടോബർ മാസം മിഷൻ മാസമായി കൂടി ആചരിക്കുന്നു. അഖിലലോക മിഷൻ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ഒക്ടോബർ 1 നു ആണ് നമ്മൾ ആഘോഷിച്ചത്. ചെറിയ കാര്യങ്ങളുടെ വലിയ വിശുദ്ധയാണ് വിശുദ്ധ കൊച്ചുത്രേസ്യ. ഓരോ പ്രവർത്തിയിലും കടലോളം സ്നേഹം നിറച്ചു ഒരു ചെറുപുഞ്ചിരിയോടെ ലോകമെമ്പാടുമുള്ള മിഷനറിമാർക്ക് വേണ്ടി കാഴ്ചവെച്ചുകൊണ്ട് ദൈവ സ്നേഹത്തിന്റെ ഒരു വേറിട്ട വഴി ഈ കൊച്ചു വിശുദ്ധ തെരഞ്ഞെടുത്തു. തന്റെ ഓരോ ത്യാഗപ്രവർത്തികളും ലോകമെമ്പാടുമുള്ള മിഷനറിമാരുടെ പാദങ്ങൾക്ക് ശക്തി ലഭിക്കുന്നതിനുവേണ്ടി ചെയ്തുകൊണ്ട് ഒരു മിഷനിലും പോകാത്ത ഈ കൊച്ചു സമർപ്പിത വേദപാരംഗതയായും, അഖിലലോക മിഷൻ മദ്ധ്യസ്ഥയായും മാറി.

മിഷൻ പ്രവർത്തനം എന്നത് ഈശോയെ ലോകത്തിനു കൊടുക്കുന്നതാണ് എങ്കിൽ ആദ്യത്തെ മിഷനറി ഈശോയെ ഉദരത്തിൽ വഹിച്ചു ലോകത്തിന് പ്രദാനം ചെയ്ത പരിശുദ്ധ അമ്മയാണ്. നമ്മുടെ ത്യാഗപ്രവർത്തികളും, സഹനങ്ങളും മിഷനും മിഷനറിമാർക്കും വേണ്ടി കാഴ്ചവെക്കാം. അങ്ങനെ ജീവിക്കുന്ന സുവിശേഷമായി നമുക്ക് മാറാം. ക്രിസ്തുവിനെകുറിച്ച് പറയാൻ എളുപ്പമാണ്, എന്നാൽ നമ്മെ കണ്ടിട്ട് നമ്മുടെ ജീവിതം കണ്ടിട്ട് ക്രിസ്തു ആരെന്നു ജനം ചോദിക്കത്തക്ക വിധത്തിൽ ജീവിക്കാൻ പരിശ്രമിക്കാം. പരിശുദ്ധ മറിയവും, വിശുദ്ധ കൊച്ചു ത്രേസ്യയും സ്വർഗത്തിൽ നിന്നും അനുഗ്രഹങ്ങളുടെ റോസാപൂക്കൾ വർഷിക്കട്ടെ.



**എന്ന് സ്വന്തം മോൻസച്ചൻ**



# ജനറാളച്ചന്റെ സന്ദേശം

**മി**ശിഹായിൽ പ്രിയ സാന്തോം ഫെലോഷിപ്പ് അംഗങ്ങളെ നിങ്ങളേവർക്കും പ്രാർത്ഥനാശംസകൾ!

കോവിഡ് മഹാമാരിയുടെ ഈ നാളുകളിൽ ദൈവത്തിൽ ആശ്രയിച്ചും പരസ്പരം ശക്തിപ്പെടുത്തിയും പ്രത്യാശയോടെ മുന്നോട്ടുപോകാൻ നാമൊരുമിച്ച് പരിശ്രമിക്കുകയാണല്ലോ. കോവിഡിന്റെ പ്രത്യാഘാതങ്ങൾ എത്രനാൾ തുടരും എന്ന കാര്യം ആർക്കും വ്യക്തമായി അറിയില്ല. പലവിധത്തിൽ ക്ലേശമനുഭവിക്കുന്ന ഓരോരുത്തർക്കായും, രോഗബാധിതരായവരുടെ സൗഖ്യത്തിനായും, രോഗീശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവരുടെ, സംരക്ഷണത്തിനായും, രോഗപ്രതിവിധിക്കായുള്ള പരിശ്രമങ്ങൾ സഫലമാകുന്നതിനായും നമുക്ക് തീക്ഷണതയോടെ പ്രാർത്ഥിക്കാം.

ജപമാല ഭക്തിയിലൂടെ പരിശുദ്ധ ദൈവമാതാവിനോടുള്ള സ്നേഹ ബഹുമാനാദരവുകൾ പ്രകടമാക്കുന്ന ഒക്ടോബർ മാസത്തിലാണല്ലോ നാം. ലോകം മുഴുവനെയും മാതാവിന്റെ സംരക്ഷണത്തിനായി സമർപ്പിച്ചുകൊണ്ട് ഈ വർഷത്തെ കൊന്തനമസ്കാരം നമുക്ക് നടത്താം.

ഈ വർഷത്തെ മിഷൻ ഞായർ സന്ദേശത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ നമ്മെ ഓർമ്മിപ്പിക്കുക, ഐസയാസ് പ്രവാചകന്റെ പുസ്തകം 6 -ാം അധ്യായം 8-ാം തിരുവചനമാണ്, ആരെയാണ് ഞാൻ അയ്ക്കുക? ആരാണ് നമുക്കുവേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ! എന്നെ അയച്ചാലും. മാമ്മോദീസ സ്വീകരിച്ച് സഭയിൽ അംഗമായിതീർന്നവരായ

നാം എല്ലാവരും അയ്ക്കപ്പെട്ടവരാണ്. ഈശോയുടെ സുവിശേഷം ഉദ്ഘോഷിക്കാനായി അയ്ക്കപ്പെട്ടിരിക്കുന്നു. "ഭൂമിയുടെ അതിർത്തികൾ വരെ" ലോകം മുഴുവനോടും സുവിശേഷം പ്രഘോഷിക്കണം. നാം നമ്മുടെ ശക്തികൊണ്ടല്ല മറിച്ച് ഈശോയൊടൊപ്പം ആണ് നീങ്ങേണ്ടത്. അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചു. സുവിശേഷം പ്രസംഗിക്കുന്നവരുടെ കൂടെ കർത്താവ് പ്രവർത്തിക്കുന്നു. ഈ മഹാമാരിക്കാലത്ത് കർത്താവ് നമ്മോടൊപ്പം ഉണ്ടെന്ന ആത്മധൈര്യത്തോടെ നമുക്ക് ഈ വർഷത്തെ മിഷൻ ഞായർ ആചരിക്കാം.

10-10-2020 ൽ സഭയിലെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് വിളിക്കപ്പെട്ട കാർലോ അക്യൂറ്റിസ് എന്ന 15 വയസ്സുകാരൻ നമ്മെ ഓർമ്മപ്പെടുത്തുക ആധുനിക കാലഘട്ടത്തിലെ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ നമ്മെ വിശുദ്ധിയിലേക്ക് നയിക്കുവാൻ സഹായിക്കും എന്ന ഒരു വലിയ സത്യമാണ്. ലാപ്ടോപ്പും, സാമൂഹ്യമാധ്യമങ്ങളും, ജപമാലയും ജീവിതത്തിൽ സമന്വയിപ്പിച്ച കാർലോ സഭ അംഗീകരിച്ച ദിവ്യകാരുണ്യ അത്ഭുതങ്ങൾ ഡിജിറ്റലായി രേഖപ്പെടുത്തി, വെർച്വൽ മ്യൂസിയം സൃഷ്ടിച്ചു. പന്തു കളിയും, വീഡിയോ ഗെയിമുകളുമായിരുന്നു കാർലോയ്ക്ക് ഇഷ്ടം, ക്ലാസ്സിൽ തമാശക്കാരൻ. ടീഷർട്ടും ജീൻസും സൺഗ്ലാസ്സുമായിരുന്നു യാത്രകളിലെ ഇഷ്ടവേഷം, വെബ്സൈറ്റുകൾ ഉണ്ടാക്കാൻ കംപ്യൂട്ടറിനു മുൻപിലെന്നപോലെ മണിക്കൂറുകൾ പ്രാർത്ഥയ്ക്കും ചെലവിട്ടു. വാഴ്ത്തപ്പെട്ട കാർലോ നമുക്കും സാമൂഹ്യമാധ്യമങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന നമ്മുടെ കുട്ടികൾക്കും യുവതീയുവാക്കന്മാർക്കും ഒരു മാതൃക ആയിരിക്കട്ടെ.

നാം ആയിരിക്കുന്ന സാഹചര്യത്തിൽ സുവിശേഷ പ്രഘോഷണം നടത്തുവാനുള്ള ഉത്തരവാദിത്വം നമുക്കേവർക്കും ഉണ്ടെന്ന ഉറച്ച ബോധ്യത്തോടെ, മിഷനറിമാർക്ക് വേണ്ടി പ്രാർത്ഥിച്ചും, മിഷൻ പ്രദേശത്തുള്ളവർക്ക് പറ്റുന്ന സാമ്പത്തികസഹായം നല്കിയും, മിഷനിലേക്ക് നല്ല ദൈവവിളികളെ പ്രോത്സാഹിപ്പിച്ചും ഈ വർഷത്തെ ലോകമിഷൻ ദിനം നമുക്ക് ആഘോഷിക്കാം.

**ഫാ ആന്റണി പെരുമാനൂർ**
**ഡയറക്ടർ ജനറൽ**



# പിതാവ് മക്കളോട്

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

എം. എസ്. റ്റി സമൂഹത്തിന്റെ നേതൃത്വത്തിലുള്ള ആഗോള പ്രേഷിത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സാന്തോം ഫെലോഷിപ്പിന്റെ ഈ മാഗസിനിലൂടെ നിങ്ങളോട് ആശയങ്ങൾ പങ്കുവയ്ക്കാൻ അവസരം ലഭിച്ചതിൽ വളരെ സന്തോഷമുണ്ട്. ഭാരതത്തിന്റെ അപ്പസ്തോലനായ വി.തോമശ്ലീഹായുടെ ചൈതന്യം ഉൾകൊണ്ട് ലോകത്തിലെവിടെയും ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുവാൻ ജീവിതം സമർപ്പിച്ചിരിക്കുന്നവരുടെ സമൂഹമാണല്ലോ എം. എസ്. റ്റി. കല്യൺ രൂപതയുടെ ആരംഭം മുതൽ രൂപതയിലും പ്രത്യേകിച്ച് പ്രേഷിതമണ്ഡലങ്ങളിലും കുറയാത്ത തീഷ്ണതയോടെ ഇവർ സുവിശേഷം പ്രസംഗിക്കുകയും ഈശോയ്ക്ക് സാക്ഷികളാകുകയും ചെയ്യുന്നു എന്നു പറയുന്നതിൽ സന്തോഷമുണ്ട്. എം. എസ്. റ്റി സമൂഹാങ്കങ്ങൾ ഇന്ന് പ്രേഷിതരായി ലോകത്തെവിടേയും എത്തിക്കഴിഞ്ഞു.

“വരൂ എന്നെ അനുഗമിക്കു; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം” (മത്തായി 4:19) എന്നു പറഞ്ഞുകൊണ്ട് ഈശോ പരസ്യജീവിതാരംഭത്തിൽ തന്റെ ശിഷ്യന്മാരെ വിളിക്കുന്നത് കാണാം. “നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ” (മത്തായി 28:19) എന്ന പ്രേഷിതദൗത്യത്തോടുകൂടെയാണ് വി. മത്തായിയുടെ സുവിശേഷം അവസാനിക്കുന്നത്. ഈശോയുടെ സുവിശേഷം പ്രഘോഷിക്കുന്നവരാകുക എന്ന ദൗത്യത്തോടുകൂടെയാണ്, അപ്പസ്തോലന്മാരെപ്പോലെ നമ്മളേയും അവിടുന്ന് വിളിച്ചിരിക്കുന്നത്. അതുകൊണ്ട് ഓരോ ക്രൈസ്തവനും പ്രേഷിതനാണെന്നും സഭ സ്വഭാവത്താലെ പ്രേഷിതയാണെന്നും രണ്ടാം

വത്തിക്കാൻ കൗൺസിലും നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിതനല്ലാത്ത ഒരു ക്രൈസ്തവനില്ല. സുവിശേഷം പ്രസംഗിക്കുക അഥവാ ക്രിസ്തുവിന്റെ സാക്ഷികളായിരിക്കുക എന്നത് ഓരോ ക്രൈസ്തവന്റേയും വിളിയും ദൗത്യവുമാണ്.

ഇവിടെ ഒരു ഉത്തരവാദിത്വവും ഒരു അകാശവുമുണ്ടെന്ന കാര്യം നമ്മൾ ഓർക്കണം. സുവിശേഷമറിയിക്കുക എന്നത് ദൈവം നമ്മെ ഭരമേല്പിച്ച ഉത്തരവാദിത്വമാണെങ്കിൽ, രക്ഷയുടെ സദ്വാർത്ത കേൾക്കാനുള്ള ഭാഗ്യം ലഭിക്കുക എന്നത് എല്ലാവരുടേയും അവകാശമാണ്. കർത്താവിന്റെ മനുഷ്യാവതാരവേളയിൽ മാലാഖ പറയുന്നുണ്ട്. "അഖിലലോകത്തിനുമുള്ള സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു" (ലൂക്കാ 2:10). കർത്താവിന്റെ സുവിശേഷം എല്ലാവർക്കുമുള്ളതായതുകൊണ്ട് വി. പൗലോസ് പറയുന്നു; "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് കഷ്ടം" (1 കൊറി. 9:16). അതെ, ഈ സദ്വാർത്ത എല്ലാവരേയും അറിയിക്കുവാനുള്ള ഉത്തരവാദിത്തം അവിടുന്ന് നമ്മെ ഭരമേല്പിച്ചിരിക്കുകയാണ്. നമ്മുടെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ജീവിതസാക്ഷ്യങ്ങളിലൂടെയും എന്നും നമ്മൾ ക്രിസ്തുവിനെ പ്രഘോഷിക്കുന്നവരാകണം. പ്രേഷിതദൈവവിളികളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതെക്കുറിച്ച് സിനഡിൽ മെത്രാന്മാർ ചർച്ചചെയ്തു. മെത്രാന്മാരും വൈദികരും സമർപ്പിതരും കുടുംബങ്ങളിൽ മാതാപിതാക്കന്മാരും പ്രേഷിതവിളി പ്രോത്സാഹിപ്പിക്കണമെന്ന ഓർമ്മപ്പെടുത്തുകയുണ്ടായി.

സ്വന്തം നാടും വീടും ജീവിതസൗകര്യങ്ങളും ഉപേക്ഷിച്ച് പ്രതികൂലസാഹചര്യങ്ങളെ വകവയ്ക്കാതെ ലോകത്തിന്റെ നാനാഭാഗങ്ങളിലും തീക്ഷണതയോടെ സുവിശേഷം പ്രസംഗിക്കാനും ക്രിസ്തുസാക്ഷ്യമേകാനുമായി ജീവിതം സമർപ്പിച്ചിരിക്കുന്ന എം. എസ്. റ്റി സമൂഹാംഗങ്ങളേയും മറ്റു മിഷനറിമാരേയും എത്ര ശ്ലാഘിച്ചാലും മതിയാവുകയില്ല. ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചിരിക്കുന്ന എല്ലാ പ്രേഷിതർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെയും നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളേയും അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് തോമസ് ഇലവനാൽ**
**കല്യാൺ രൂപതാ മെത്രാൻ**



# കുടുംബജീവിതം കൊറോണക്കാലത്തിൽ



റവ. ഫാ. ജോൺ പന്തലിപ്പാടൻ MST
(ഡയറക്ടർ നിർമൽ ജ്യോതി)

ഞാൻ നിങ്ങളെ മരുഭൂമിയിലേയ്ക്ക് നയിച്ചു 40 വർഷം നിങ്ങളുടെ വസ്ത്രം പഴകികീറുകയോ, ചെരുപ്പ് തേഞ്ഞ് തീരുകയോ ചെയ്തില്ല. (നിയ 29/5) മാർച്ച് അവസാനത്തോട് കൂടി ഇന്ത്യയിൽ കൊറോണ വൈറസിനോടുള്ള ഭയവും, തുടർന്നുള്ള സ്വരുകൂട്ടലും പലഭവനങ്ങളിലും ആരംഭിച്ചിരുന്നു. വ്യക്തതയില്ലാത്ത അറിവുകളും, സഹോദരനെയും അയൽക്കാരനെയും അകറ്റുന്ന ലോക്ക്ഡൗണും ആകെ ഒരു അരക്ഷിതാവസ്ഥയിലേക്ക് ഈ കോറോണയുടെ തുടക്കകാലം ജനത്തെ തള്ളിവിട്ടു.



## ഭവനങ്ങൾ ദേവാലയങ്ങൾ ആയപ്പോൾ

ഉത്തരേന്ത്യയിലെ ഫാക്ടറികളും കച്ചവട സ്ഥാപനങ്ങളും വിദ്യഭ്യാസ സ്ഥാപനങ്ങളും അടച്ചിടേണ്ടി വന്നപ്പോൾ ഗതാഗതം പൂർണ്ണമായി നിശ്ചലമായപ്പോൾ പ്രകൃതി വളരെ രമണീയവും സുന്ദരവുമായി തോന്നി. മാലിന്യങ്ങൾ കുറഞ്ഞു, കിളികളുടെ ശബ്ദങ്ങൾ കേൾക്കാൻ തുടങ്ങി. ലോക്ഡൗൺ പ്രഖ്യാപിച്ച ആദിവസം മുതൽ മധ്യപ്രദേശിലെ ഇൻഡോറിൽ മലയാളി ക്രിസ്ത്യാനികളോട് ചേർന്ന് രാവിലെയും വൈകുന്നേരവും ദൃശ്യമാധ്യമങ്ങളിലൂടെ 'ആരാധന' ആരംഭിച്ചു.

വർഷങ്ങളോളം ജോലി തിരക്കുകളിലും, ജീവിതവ്യഗ്രതയിലും 'Factory Shift' കളിലും പെട്ടുകിടന്ന നമ്മുടെ പ്രവാസി മക്കൾ ലോക്ഡൗൺ കാലത്ത് ദിവസം മുഴുവൻ വീടുകളിൽ ആയിരിക്കുകയും സന്ധ്യാ പ്രാർത്ഥനയിൽ ഒന്നിച്ച് ചേരുവാനും ഒന്നിച്ച് സ്തുതി ചൊല്ലുവാനും, ഒരുമിച്ച് അത്താഴം കഴിക്കാനും തുടങ്ങി. ദേവാലയങ്ങൾ അടയ്ക്കപ്പെട്ടപ്പോൾ ഭവനങ്ങളിലെ ആരാധന മുറിക്ക് ചിട്ടവന്നു. ബൈബിൾ വായന സ്ഥിരം പതിവാക്കിയവരെയും നമുക്ക് ഈ സമയത്ത് ഭവനങ്ങളിൽ കാണാൻ കഴിയുന്നു.

ഒരു കുടുംബനാഥൻ പറഞ്ഞതായി ഓർക്കുന്നു. ജീവിതത്തിൽ ആദ്യമായി പ്രാർത്ഥന കൃത്യമായി നടത്താനും അച്ചന്റെ വൈകുന്നേര ആരാധനയിൽ പങ്കെടുക്കുവാനും സാധിച്ചു. എല്ലാ ദിവസവും വിശുദ്ധ കുർബാന ഏറ്റവും നല്ല ഒരുക്കത്തോടെ

സംബന്ധിക്കുവാൻ സാധിച്ചു. കുടുംബനാഥന്മാർ സന്ധ്യാ പ്രാർത്ഥനയിൽ വചനം വായിക്കുന്നത് ആദ്യമായി കുടുംബാംഗങ്ങൾ ശ്രവിച്ചു. എല്ലാ ദിവസവും ദൃശ്യമാധ്യമങ്ങളിലൂടെ ബലിയർപ്പണത്തിൽ പങ്കുചേർന്നും, സന്ധ്യാ സമയങ്ങളിൽ ജപമാല ചൊല്ലിയും, വി. ഗ്രന്ഥം വായിച്ചും കുടുംബങ്ങളെ ദേവാലയങ്ങളാക്കി മാറ്റി. സമാധാനം തേടാൻ കുടുംബനാഥമാർ കള്ള് കുപ്പികളെ ആശ്രയിച്ചില്ല. റ്റി. വി സീരയലുകളോട് കുടുംബനാഥമാർ വിടപറഞ്ഞ സംഭവങ്ങളും ഉണ്ടായി. മക്കളിലേക്കും ഭർത്താവിലെക്കും ശ്രദ്ധതിരിച്ചും ഭാര്യമാരും അമ്മമാരും നല്ല മാതൃകയായി. അപ്പന്മാർ മക്കൾക്ക് സമയം കൊടുത്തു. ഭാര്യ ഭർത്താക്കന്മാർ കുടുംബജീവിതത്തിലെ ഏറ്റക്കുറച്ചിലുകളെ കുറിച്ചും സംസാരിച്ചു. സംസാരിക്കാതെ ഇരുന്ന ദാമ്പത്യങ്ങൾ തുറവിയിലേക്ക് എത്തപ്പെട്ടു. നമ്മുടെ തമ്പുരാൻ ഇത് തന്നെയാണോ ഈ കൊറോണ കാലഘട്ടം കൊണ്ട് ഉദ്ദേശിച്ചത് എന്ന് തോന്നിപോകുന്നു.

## പരിക്കേറ്റവനെ കണ്ടെത്തിയ സമരിയാക്കാരൻ

(2 Kings 17/14)

"എന്തെന്നാൽ താൻ ഭൂമിയിൽ മഴ പെയ്യിക്കുന്നത് വരെ കലത്തിലെ മാവ് തീർന്ന് പോവുകയില്ല. ഭരണിയിലെ എണ്ണ വറ്റുകയുമില്ല എന്ന് ഇസ്രേയേലിന്റെ ദൈവമായ കർത്താവ്



അരുളിചെയ്യുന്നു.'' വൈദികരും, സന്യസ്തരും അൽമായ പ്രേഷിതരും (സാന്തോം ഫെലോഷിപ്പ് അംഗങ്ങളും ഇതിൽ പെടുന്നു) കൂട്ടായ്മ ലീഡേർസ് ദിവസേന മറ്റുള്ള മലയാളികളെയും മറ്റുള്ള സുഹൃത്തുകളെയും നിരന്തരം ടെലിഫോണിൽ ബന്ധപ്പെടുകയും വിശേഷങ്ങൾ അറിയാൻ പരിശ്രമിക്കുന്നതിലൂടെ, വർഷങ്ങളോളം സംസാരിക്കാതിരുന്ന പലരും സംസാരിച്ചു. കേരളത്തിലെ സഹോദരങ്ങൾ ഇടവകാംഗങ്ങൾ വികാരിയച്ചന്മാർ, സന്യസ്തർ മിഷൻ നാടുകളിലേക്ക് ഫോൺ വിളിക്കുകയും സംസാരിക്കുകയും, കുശലം അന്വേഷിക്കുകയും ചെയ്തത് ഒത്തിരി സന്തോഷം തരുന്ന കാര്യങ്ങൾ ആണ്. ഭഷ്യ സാധനങ്ങൾ തീർന്ന് പോയപ്പോൾ, രോഗം വന്നപ്പോൾ മരുന്ന് എത്തിക്കുകയും, സ്വന്തം നാട്ടിലേക്ക് പലായനം ചെയ്ത വരെ സഹായിക്കുവാൻ ചെരുപ്പ്, വസ്ത്രം, ഭക്ഷണം എന്നിവയുമായി ഹൈവേയിൽ കാത്തിരിക്കുന്നതും സമരിയകാരന്റെ ഓർമ്മപ്പെടുത്തല ല്ലെ! വാടക കുടിശിക വന്നപ്പോഴും ഭവനങ്ങളിലെ ഗ്യാസ് സിലിണ്ടർ തീർന്നപ്പോഴും, നഴ്സിന്റെ വസ്ത്രം



ധരിച്ച് ഭവനങ്ങളിൽ എത്തിക്കുന്ന മലയാളി സഹോദരങ്ങളെ കാണാൻ കഴിഞ്ഞപ്പോൾ മോശയും ജോഷ്വയും ഏലിയായും മരിച്ചിട്ടില്ല എന്ന് തോന്നി. ഉയിർപ്പ് തിരുന്നാളിനുശേഷം ഒരു 1/2 കിലോ ഇറച്ചി ലഭിച്ച ഒരു സാന്തോം ഫെലോഷിപ്പ് നാലാംഗ കുടുംബം അടുത്ത വീട്ടിലെ Protestant Paster ഉം ആയി കോഴിയിറച്ചി പങ്ക് വെച്ച കഥ കരളലിയിപ്പിക്കുന്നതാണ്.

## നമുക്കും അവനോട് കൂടി മരിക്കാം (Jn 11/16)

ഒത്തിരി ആതുര പ്രവർത്തകർ സ്വഭവനങ്ങളിലേക്ക് ഓടി ഒളിച്ചപ്പോൾ ധൈര്യത്തോടെ ആശുപത്രികളിലും മറ്റ് ആതുരാലയങ്ങളിലും ദൈവാശ്രയത്തിൽ ആയിരക്കണക്കിന് നഴ്സ് ജോലി ചെയ്യാനുണ്ടായിരുന്നു. ഭവനങ്ങളിൽ ഒറ്റപ്പെട്ടുകിടന്ന നഴ്സസ് ഒത്തിരി ഉണ്ടായിരുന്നു. മരണത്തെ മുന്നിൽ കണ്ടപ്പോഴും, കുടുംബഭാരത്തിന്റെ നിഴലിലും ലക്ഷകണക്കിന് ആതുര



ശുശ്രൂഷകർ Florance Ninghtingle നെ പോലെ ജോലി ചെയ്ത സന്യസ്തരെയും മലയാളി നഴ്സുമാരോട് അഭിമാനവും ആദരവും തോന്നി. ഇറ്റലിയിലെ ഒരു വൃദ്ധസദനത്തിലെ ഒരു സന്യസ്ത പറഞ്ഞത് ഒത്തിരി പ്രചോദനം ഏകുന്നത് ആയിരുന്നു. "ഈ ജീവിതത്തിൽ നിന്നു എവിടെ ഓടിയൊളിക്കാൻ ആണ്. നമ്മൾ ഇതൊക്കെ ചെയ്യാനല്ലെ ഈ ജീവിതം തിരഞ്ഞെടുത്തത്. മരിക്കുമെങ്കിൽ മരിക്കട്ടെ".

## ശാന്തമാകുന്ന കടൽ (Mk 4/38)

കൊറോണയെ അതിജീവിച്ച ലോകമെമ്പാടുമുള്ള കോടിക്കണക്കിനു ജനങ്ങൾ (മരണമടഞ്ഞവരെ ഞാൻ ഓർക്കുന്നു. സ്വർഗ്ഗ ഭാഗ്യത്തിനായി പ്രാർത്ഥിക്കുന്നു) ക്രിസ്തുവിന്റെ കൂടെ ഗലീലികടലിൽ സഞ്ചരിക്കുന്ന ശിഷ്യഗണത്തെ പോലെയാണ് മനസാന്നിധ്യത്തോടെ ഇതിനെ നേരിടുന്നവർ. ദൈവമില്ലാതെ ജീവിക്കുന്ന, സുരക്ഷകളില്ലാതെ ജീവിക്കുന്ന ഒത്തിരി ആളുകൾ ഈ ജീവിതനൗകയിൽ പരിഭ്രമിച്ച് നിലവിളിക്കുന്നു.

ഈ കൊറോണ കാലഘട്ടത്തിൽ മാസ്ക് വിതരണം നടത്തിയപ്പോഴും, വഴിയോരങ്ങളിലുള്ള മാനസിക രോഗികൾക്കും, അനാഥരായ വൃദ്ധജനങ്ങൾക്കും ഭക്ഷണവും വിതരണം ചെയ്തപ്പോഴും മനസ്സിലായി കൊറോണ വന്നത് ആ പാവങ്ങൾ അറിഞ്ഞിട്ടില്ല എന്ന് തോന്നുന്നു. ദൈവം എത്ര ഭംഗിയായി അവരെ പോറ്റുന്നു. (Mt 25/35)

## അടയ്ക്കപ്പെട്ട ദേവാലയങ്ങൾ

വൃദ്ധജനങ്ങളെ സന്ദർശിക്കുമ്പോൾ അവരുടെ ദുഃഖം പറഞ്ഞറിയിക്കാൻ ആകാത്തതാണ്. ആരാധനാലയങ്ങളിൽ പോലും പ്രായപരിധി കർശനമാക്കിയപ്പോൾ ദൈവം ഞങ്ങളെ

അവഗണിച്ചല്ലോ എന്നൊരു വിതുമ്പൽ.

## നിലനില്പും ആത്മീയതയും

ദിവസവും പ്രാർത്ഥിച്ചിട്ടും, ഉപവസിച്ചിട്ടും ജോലി നഷ്ടപ്പെടുന്നു. loan അടയ്ക്കാൻ തരമില്ലാതാകുന്നു. കുട്ടികളുടെ പഠനവും അവതാളത്തിലാകുന്നു എന്ന് പരാതിപ്പെടുന്നവർ നമുക്ക് ചുറ്റുമുണ്ട്. Smart ആത്മീയതയിൽ കുടുങ്ങി കിടക്കുന്നവരെ ദേവാലയത്തിൽ എത്തിക്കേണ്ടത് നമ്മുടെ ദൗത്യം ആണ്. ഇപ്പോൾതന്നെ പലരെയും നിർബന്ധിക്കേണ്ടതായി വരുന്നു. ആത്മഹത്യയുടെ വക്കിൽഎത്തിയിരിക്കുന്ന വ്യക്തികളെ ഒത്തിരി



കാണാൻ സാധിക്കും. ജേലി നഷ്ടപ്പെട്ടവർ ഭവനങ്ങളിൽ ആരോടും സംസാരിക്കാതെ ഒതുങ്ങികൂടുന്നു. തിരികെ പോകാൻ ഇടമില്ലാത്തവർ, വെറെ ജോലി ചോദിച്ച് അലയുന്നവർ അങ്ങിനെ പോകുന്നു പട്ടിക. പ്രിയ സാന്തോം ഫെലോഷിപ്പ് സ്നേഹിതരെ, വി. മത്തായിയുടെ സുവിശേഷം 25 ാം അദ്ധ്യായം 35 മുതലുള്ള വാക്യങ്ങൾ, 'നിങ്ങളിലുള്ള സമരിയക്കാരനെ ഉണർത്തി മിഷനിലേക്ക് ശ്രദ്ധതിരിക്കണം, മിഷനുവേണ്ടി പ്രാർത്ഥിക്കണം, മിഷനെ സഹായിക്കണം, മിഷൻ സന്ദർശിക്കണം. ഒരു കുഞ്ഞിനെയെങ്കിലും ക്രിസ്തുവിന്റെ അടുക്കൽ എത്തിക്കാൻ നിങ്ങൾക്ക് സാധിച്ചാൽ നിങ്ങളുടെ പ്രേഷിത ജീവിതം സാർത്ഥതമായി എന്ന് കരുതാം.



# ജീവനിർത്ധരി



സി. റോജ എം. എസ്. ജെ

മനുഷ്യനെ മനുഷ്യനാക്കുന്നത് സമ്പത്തോ സ്ഥാനമാനങ്ങളോ അല്ല, സാന്നിദ്ധ്യവും, സാമീപ്യവുമാണ്. വിജ്ഞാനമോ, പാണ്ഡിത്യമോ അല്ല, കാരുണ്യമുള്ള ഹൃദയമാണ്. ചിന്തിക്കുവാനുള്ള കഴിവല്ല, സ്നേഹിക്കുവാനുള്ള കഴിവാണ്. അധികാരമോ പദവിയോ അല്ല, സ്നേഹത്തിലുള്ള ആത്മാർത്ഥതയാണ്. തുറവിയുള്ള സ്നേഹമാണ്. അതേ 'ഈ ചെറിയവർക്ക് ചെയ്യുമ്പോൾ എനിക്കുതന്നെയാണ് ചെയ്തത്' എന്ന യേശുവിന്റെ വാക്കുകൾ എന്നെ കൂടുതൽ പ്രചോദിപ്പിച്ചപ്പോൾ അത് ചലനാത്മകമായി വിശാലമായ വിക്ഷണത്തോടെ വേറിട്ട ചിന്തയോടെ

എന്നിലെ വിളിയ്ക്കുള്ളിലെ വിളിയ്ക്കു പ്രത്യുത്തരം നല്കാൻ, കൂടുതൽ ഇച്ഛാശക്തിയും, ആത്മബലവും കരുത്തും നല്കിയത് ഞങ്ങളുടെ എം. എസ്. ജെ സമൂഹത്തിന്റെ സ്ഥാപക പിതാവായ ദൈവദാസൻ ജോസഫ് പഞ്ഞിക്കാരനച്ചൻ ആണ്. അച്ചന്റെ പ്രേഷിതതീക്ഷണതയും ദീർഘവീക്ഷണവും ആത്മാക്കളുടെ രക്ഷയ്ക്കായുള്ള തീവ്രമായ പരിശ്രമവും, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള കരുണാദ്രമായ കരുതലും സ്നേഹവും എന്നെ ഹഠാദാകർഷിച്ചു. കൈമുതലായ ഈ ആത്മവിശ്വാസം, കൂടുതൽ ദൈവാശ്രയത്വത്തോടെ, ഭിന്നശേഷിയുള്ള ഈ കുഞ്ഞുങ്ങൾക്കായി ജീവിതം വ്യയം ചെയ്യാൻ ഉൾപ്രേരകമായി നിലകൊണ്ടു.



ഞാൻ ആതുരശുശ്രൂഷമേഖലകളിലായിരുന്നപ്പോൾ ഭിന്നശേഷിയുള്ള ഒരു കുഞ്ഞിനെ കാണാൻ ഇടയായി. ഈ കുഞ്ഞ് എന്റെ ജീവിതം തന്നെ മാറ്റിമറിച്ചു. ഹൃദയത്തിൽ നീറുന്ന ഓർമ്മയായി മാറി. പഞ്ഞിക്കാരനച്ചൻ സ്വപ്നം കണ്ട ഒരു മേഖലയായതുകൊണ്ട് ദിവ്യകാരുണ്യസന്നിധിയിൽ ദൈവഹിതത്തിനായി പ്രാർത്ഥനയോടെ കാത്തിരുന്നു. സൗകര്യങ്ങളും, സുരക്ഷിതത്വവും ഉപേക്ഷിച്ച് ഈ കുഞ്ഞുങ്ങൾക്കായി ജീവിതം സമർപ്പിക്കുവാനുള്ള ആ ദാഹം ഏറിവന്നു. ആതുരസേവനരംഗത്ത് മികവ് തെളിയിച്ച എം. എസ്. ജെ സന്യാസിനികളെ 1997 ൽ കല്യാൺ രൂപതയിൽ സാംഗ്ലി മിഷനിലേക്ക് എം. എസ്. റ്റി അച്ചന്മാർ സ്വാഗതം ചെയ്തു. രോഗിപരിചരണത്തിലൂടെ മിഷൻപ്രദേശത്തു കടന്നുവന്നത് സി. ഗ്രേസ്മരിയ, സി. സീനാ, സി. അംബിക എന്നിവരാണ്. മഹാരാഷ്ട്രയിലെ ഷിർഗാവ് എന്ന ഗ്രാമത്തിൽ സേവനം ചെയ്യാൻ തുടങ്ങിയെങ്കിലും പിന്നീട് സെറാഫ് എന്ന ഗ്രാമത്തിലേക്കു മാറി. നാട്ടു ചികിത്സയും പച്ചമരുന്നുകളും വഴി രോഗനിവാരണമാർഗ്ഗം കണ്ടെത്തിയ ജനങ്ങൾ അലോപ്പതിയിലേക്കു അധികം

ആകർഷിക്കപ്പെട്ടില്ല. തുടർന്ന് 2000 ൽ ജോസഫച്ചൻ, ജോബിയച്ചൻ എന്നിവരുടെ ദീർഘവീക്ഷണത്തോടെ അടുത്തുള്ള ഗ്രാമങ്ങളിൽ സർവ്വേയിലൂടെ ഭിന്നശേഷിയുള്ള ധാരാളം കുഞ്ഞുങ്ങളെ കണ്ടെത്തുകയും ചെയ്തു. എം. എസ്. റ്റി ക്കാരെ സംബന്ധിച്ച് ഇതു പുതിയ ഒരു പ്രേഷിതമേഖലയായിരുന്നു. എന്നാൽ അധികാരികളുടെ അനുവാദത്തോടെ സി. ഗ്രേസ്മരിയുടെ നേതൃത്വത്തിൽ ഈ പുതിയ സംരംഭത്തെ ഞങ്ങൾ ഹൃദയപൂർവ്വം ഏറ്റെടുത്തു.

സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കുഞ്ഞുങ്ങളെ കൈപിടിച്ചു നടത്തുവാനും, അവരിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന സർഗ്ഗാത്മകവാസനകളെ വളർത്തുവാനും, ജീവൻ നല്കുന്ന സ്നേഹകൂടാരമായി മാറി ജീവ്ദാൻ എന്ന പുണ്യഭൂമി! പരാതികളില്ലാത്ത, പരിഭവമില്ലാത്ത, സന്തോഷത്തിന്റെ സ്വപ്നചിറകുവിടർത്തുന്ന പൂമ്പാറ്റകളെ കണ്ടപ്പോൾ, തങ്ങളുടെ കുറവുകൾ മറന്ന് ആഹ്ലാദിക്കുന്ന കുഞ്ഞുങ്ങൾ, ഞങ്ങൾക്കു ഒരു തുറന്ന പുസ്തകമായി മാറി. സ്വാർത്ഥതയില്ലാതെ സ്നേഹിക്കാൻ, പരിഭവം പറയാതെ ജീവിക്കാൻ, മുഖംനോട്ടം ഇല്ലാതെ പങ്കുവയ്ക്കാൻ ഇവർ ഞങ്ങളെ പഠിപ്പിച്ചു! കഷ്ടതയുടെ, ക്ലേശങ്ങളുടെ വേദിയിൽ അവരെയും ഞങ്ങളെയും ദൈവം സ്ഫുടം ചെയ്തെടുത്തു!

ആദ്യകാലങ്ങളിൽ ഇവരെ പരിചരിക്കാനും, പഠിപ്പിക്കുവാനും രോഗാവസ്ഥയിലെ ബുദ്ധിമുട്ടുകൾ നേരിടുമ്പോഴും, അടിസ്ഥാന സൗകര്യകുറവുകൾ ഉണ്ടായപ്പോഴും ഈ പ്രതിസന്ധികളെ ദൈവ



പരിപാലനയിൽ സ്വീകരിക്കുവാൻ ഇവർ ഞങ്ങൾക്കു കരുത്തായി. ദൈവാംശം നിറഞ്ഞു നിൽക്കുന്ന ഈ നിഷ്കളങ്ക കുഞ്ഞുങ്ങൾ ദൈവത്തിന്റെ കയ്യൊപ്പുള്ളവരാണെന്ന ചിന്ത, ഏറ്റവും വിഷമമേറിയ സാഹചര്യങ്ങളിലും ഇവർക്കായി 100% ചെയ്യണമെന്ന ചിന്ത ഞങ്ങളിൽ ഉണ്ടാക്കി. കൂട്ടുകാർക്കായി സഹായം ചെയ്യുമ്പോഴും പ്രതിഫലം ആഗ്രഹിക്കാത്ത ഈ ജീവിതങ്ങളെ ദൈവം പടിപടിയായി



ഉയർത്തി, സൗഖ്യം നൽകി. ശാരീരിക, മാനസിക, ബൗദ്ധിക, വൈകാരിക മേഖലകളിൽ ഒത്തിരി സൗഖ്യവും, ഉണർവും ദൈവം നൽകി. ഇവരുടെ കുറവുകളെ നിറവാക്കി! സാധ്യതകളെ കണ്ടെത്താൻ അരികിലിരുത്തി ലാളിച്ച്, ഹൃദയത്തോട് അടുപ്പിക്കാൻ, ഇവരുടെ പെരുമാറ്റശൈലിയെ രൂപികരിക്കാൻ കലാകായികരംഗങ്ങളിൽ മികവു കാണിക്കാൻ ഇവിടുത്തെ ഡയറക്ടർ അച്ചൻ തുടങ്ങി എല്ലാ ടീച്ചേഴ്സും മറ്റു സ്റ്റാഫ് അംഗങ്ങളും സന്നദ്ധരാണ്. കലാകായിക രംഗത്തു ഈ കുഞ്ഞുങ്ങളുടെ വളർച്ചയിലൂടെ ഉപജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിൽ സ്കൂളിന്റെ യശസ്സ് ഉയർത്തിക്കാട്ടി!

കാലത്തിന്റെ യവനികയിൽ മറഞ്ഞിരുന്ന ഈ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ജീവ്ദാൻ എന്ന സ്ഥാപനം കാരണമായി! ദൈവത്തിന്റെ ഈ പദ്ധതിയെ സ്വീകരിക്കാൻ ഞങ്ങളെ ഉപകരണമാക്കിയ, ദൈവത്തിനു കോടാനുകോടി നന്ദി. പത്തോളം കുട്ടികൾ ഇന്ന് സ്വന്തമായി അധ്വാനിച്ച് ജോലി ചെയ്യുന്നതിൽ ഞങ്ങൾ സന്തോഷവന്മാരാണ്.

ആദ്യകാലഘട്ടങ്ങളിൽ സംശയത്തോടെയാണ് ഈ പ്രദേശത്തെ ജനങ്ങൾ ഞങ്ങളെ വീക്ഷിച്ചിരുന്നതെങ്കിൽ, ഇന്ന് ഇവരുടെ ജീവിതത്തിലെ സുപ്രധാന കാര്യങ്ങൾ ആഘോഷിക്കാൻ, സന്തോഷം പങ്കിടുവാൻ, ഇടം കണ്ടെത്തുന്നത് ഇവിടെയാണ്. മരവിച്ച മനസ്സുകൾക്ക് സ്നേഹത്തിന്റെ തൈലം പൂശുവാനും, ജാതി-മത-വർണ്ണ വ്യത്യാസമില്ലാതെ ഈ കുട്ടികൾക്കു നല്കുന്ന എല്ലാ പരിചരണവും, പ്രോത്സാഹനവും സ്നേഹവുമാണ് ഈ പ്രദേശത്തെ ജനങ്ങൾക്കു ഞങ്ങൾ നല്കുന്ന സന്ദേശം!!



ഇന്ന് ഈ സ്ഥാപനത്തിൽ 60 ഓളം കുട്ടികൾ പരിശീലനം നേടുന്നു. ഞങ്ങളുടെ ഡയറക്ടർ ആയ റവ. ഫാ സിബി തന്റെ ദീർഘവീക്ഷണവും, സാധ്യതകളും ഈ കുട്ടുകൾക്കായി ഉപയോഗപ്പെടുത്തി ഏറ്റവും മുന്തിയരീതിയിലുള്ള പരിശീലനം നല്കാൻ സദാസന്നദ്ധനാണ്. കമ്പ്യൂട്ടറും മറ്റു ആധുനികമായതെല്ലാം കുട്ടികൾക്ക് ഉപയോഗപ്രദമാക്കികൊണ്ട് കരുതലും സ്നേഹവും നല്കി അച്ചൻ ഈ കുട്ടികളെ വളർത്തുന്നു. ക്രിക്കറ്റ്, ഫുട്ബോൾ, സൈക്കിളിംഗ് സ്പോട്സ് മറ്റു ഇതര indoor & outdoor പ്രവർത്തനങ്ങളിലൂടെ ഇവരുടെ കായികശക്തി വർദ്ധിപ്പിക്കുന്നു. ഇനിയും കുട്ടികൾക്ക് നല്ല പരിശീലനം നൽകാൻ ടീച്ചേഴ്സിന് വിദഗ്ധമായ പരിശീലനവും വർഷാവർഷങ്ങളിൽ ഇവിടെ നൽകുന്നുണ്ട്. ഇപ്പോൾ കോവിഡിന്റെ പശ്ചാത്തലത്തിൽ വീടുകളിലായിരിക്കുന്ന കുട്ടകൾക്കായി അവരവരുടെ ടീച്ചേഴ്സ് Online ക്ലാസ്സുകൾ ജൂൺ മുതൽ തുടങ്ങിയിട്ടുണ്ട്. സ്മാർട്ട് ഫോൺ ഇല്ലാത്തവർക്കു ഫോണിലൂടെ മെസ്സേജ് പറഞ്ഞു നിർദ്ദേശങ്ങൾ നല്കി പരിശീലിപ്പിക്കുന്നു. ജീവന്റെ സമൃദ്ധി ഇനിയും ഞങ്ങളുടെ കുട്ടികൾക്കു ഉണ്ടാകട്ടെ എന്നതാണ് ഞങ്ങളുടെ പ്രാർത്ഥന. ഇന്നേവരെ ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് വഴിത്താരതീർത്ത എല്ലാ സുമനസ്സുകളെയും,

നന്ദിയോടെ ഓർക്കുന്നു. സർക്കാരിൽ നിന്നുള്ള സഹായസഹകരണം ഒന്നുമില്ലെങ്കിലും ധാരാളം ഉപകാരികളെ ദൈവം നല്കി ഇതിനെ വളർത്തി! ജീവൻ നല്കി ഈ സ്ഥാപനത്തേയും ഇവിടുത്തെ കുഞ്ഞുങ്ങളെയും പരിപോഷിച്ച മിഷനറിമാരായ ഞങ്ങളുടെ വൈദികരെയും സിസ്റ്റേഴ്സിനെയും മറ്റു സ്റ്റാഫംഗങ്ങളെയും



നന്ദിയോടെ ഓർക്കുന്നു. ദൈവകരുണയുടെ നല്ല മിഷനറിമാരായി, ദൈവവരപ്രസാദത്തിൽ ഓരോരുത്തരും വളരുക എന്ന ലക്ഷ്യം പൂവണിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.





# കോവിഡ്: വെല്ലുവിളികളും പ്രതിവിധികളും




**സിമി ബിജു**

**(സാന്തോം ഫെലോഷിപ്പ്, ഇൻഡോർ)**


2020 നമ്മുടെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത നിമിഷങ്ങൾ സമ്മാനിച്ച വർഷ. ഇനിയൊരിക്കലും ഇത്തരം അനുഭവങ്ങൾ ഉണ്ടാവരുതേ എന്ന് നാം ഓരോരുത്തരും പ്രാർത്ഥിച്ച വർഷം! മാർച്ച് മാസത്തിൽ 'കോവിഡ്' എന്ന മഹാമാരിയെക്കുറിച്ച് കേട്ടുതുടങ്ങിയപ്പോൾ അത് നമ്മുടെ ജീവിതത്തിനു ഇത്ര വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ഒരുദിവസം സ്കൂളുകൾ അടയ്ക്കാൻ പെട്ടെന്ന് ഉത്തരവ് വന്നപ്പോൾ കുറച്ചു ദിവസങ്ങൾക്കുശേഷം എല്ലാം പഴയതുപോലെ ആകുമെന്ന് വിശ്വസിച്ചു. എന്നാൽ ദിവസങ്ങൾ ആഴ്ചകളും മാസങ്ങളുമായി മാറിയപ്പോൾ ആകെ സ്തംഭിച്ചുപോയി. പിന്നീട് 'ലോക്ഡൗൺ' ആരംഭിച്ചപ്പോഴാണ് കാര്യങ്ങളുടെ യഥാർത്ഥസ്ഥിതി മനസ്സിലാക്കാൻ തുടങ്ങിയത്. സ്കൂളുകളും, ഓഫീസുകളുമൊക്കെ അടച്ച് എല്ലാവരും വീടിനുള്ളിൽ തന്നെ ഇരിക്കണമെന്ന് നിർദേശം വന്നപ്പോൾ ആദ്യം ഒരു അവധിക്കാലം കിട്ടിയതുപോലെ ചിന്തിച്ചു. തിരക്കേറിയ

ജീവിതത്തിൽ ഒത്തിരി സമയം കുടുംബാംഗങ്ങൾ ഒരുമിച്ചു കൂടിയപ്പോൾ വളരെ സന്തോഷിച്ചു. ഒത്തിരിയേറെ കാര്യങ്ങൾ പ്ലാൻ ചെയ്തു. ഒരാഴ്ച കഴിഞ്ഞപ്പോഴാണ് കാര്യങ്ങൾ കൂടുതൽ വഷളായി ത്തുടങ്ങിയതെന്ന് മനസ്സിലായത്. ഒരിടത്തും പോകാനാവാതെ, പുറത്തിറങ്ങാൻ പോലും പറ്റാതെ വീടിനുള്ളിൽ തന്നെ കഴിയാൻ തുടങ്ങിയപ്പോൾ, മൊബൈലിലൂടെ വി. കുർബാനയിൽ പങ്കെടുക്കുവാൻ തുടങ്ങിയപ്പോൾ പുറത്തി റങ്ങുവാനും, പള്ളിയിൽ പോകുവാനുമൊക്കെ കൊതിയായി. പുറത്തിറങ്ങി രണ്ടു മൂന്നു മണിക്കൂർ ദിവസവും കളിച്ചു കൊണ്ടിരുന്ന മക്കൾ, വീടിനുള്ളിൽ തന്നെ റ്റി. വി യും മൊബൈലും, ലാപ്ടോപുമായി കഴിയാൻ തുടങ്ങിയപ്പോൾ സങ്കടം തോന്നി. അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ശക്തമായി തീരുമാനമെടുത്തു.

കുട്ടികളെ മലയാളം എഴുതുവാനും, വായിക്കുവാനും പഠിപ്പിക്കണമെന്ന് വളരെക്കാലമായി ആഗ്രഹിച്ചിരുന്നു. പക്ഷേ, ഒരിക്കലും സമയം കിട്ടിയിരുന്നില്ല. എന്നാൽ ഈ 'ലോക്ഡൗൺ' കാലഘട്ടത്തിൽ മക്കളെ മലയാളം പഠിപ്പിക്കുവാൻ ഞങ്ങൾക്കു സാധിച്ചു. ഇന്ന് എല്ലാ ദിവസവും അവർ മലയാളം ബൈബിൾ വായിക്കുന്നതു കേൾക്കുമ്പോൾ അഭിമാനം തോന്നുന്നു. പള്ളിയിൽ പോകുവാനോ പ്രാർത്ഥനകളിൽ പങ്കെടുക്കുവാനോ സാധിക്കാതെ വന്നപ്പോഴാണ് പ്രാർത്ഥകളുടേയും, കൂദാശകളുടേയും ആവശ്യകത ശരിക്കും മനസ്സിലായിത്തുടങ്ങിയത്. എന്നാൽ ആരാധനയും കുർബാനയും 'Facebook live' ആയി ലഭിച്ചു തുടങ്ങിയപ്പോൾ ഞങ്ങൾക്ക് കുറച്ച് ആശ്വാസം തോന്നി. രണ്ടു മൂന്നു മാസത്തെ





ഇടവേളയ്ക്കുശേഷം കൂട്ടായ്മ പ്രാർത്ഥനകളും, നോവേനകളും, ജപമാല ആചരണവും Meet/Zoom Meeting ലൂടെ ഇപ്പോൾ തുടരുന്നു.

കുറച്ചു ദിവസങ്ങൾക്കുശേഷം, എല്ലാ കാര്യങ്ങളും പഴയതുപോലെ ആയിത്തീരുമെന്ന് വിശ്വസിച്ചിരുന്നെങ്കിലും, ഇപ്പോൾ എല്ലാവരും പുതിയ മാറ്റങ്ങളുമായി പൊരുത്തപ്പെട്ടു വരുന്നു. വീട്ടുജോലിക്കാരെ ഒഴിവാക്കിയപ്പോൾ വീട്ടുജോലികളും, ഔദ്യോഗികജോലികളും ഒരുമിച്ചു കൈകാര്യം ചെയ്യുവാൻ ബുദ്ധിമുട്ടായിത്തുടങ്ങിയപ്പോൾ കുട്ടികളെ ചെറിയ ചെറിയ കാര്യങ്ങൾ പഠിപ്പിച്ചു തുടങ്ങി. വീടു വൃത്തിയാക്കാനും, ചെടികൾ നനയ്ക്കുവാനും, തുണികൾ മടക്കി വയ്ക്കുവാനും, പാത്രം കഴുകുവാനും, ചപ്പാത്തി ഉണ്ടാക്കുവാനും, ഡൈനിംഗ് ടേബിൾ ക്ലീൻ ചെയ്യുവാനും ഇന്ന് അവർക്കറിയാം.

തിരക്കേറിയ ജീവിതത്തിൽ വീട്ടുകാരോടും,സഹോദരങ്ങളോടും സുഹൃത്തുക്കളോടുമൊക്കെ സംസാരിക്കുവാൻ സമയം വളരെക്കുറവായിരന്നു. എന്നാൽ ഈ കോവിഡ് കാലഘട്ടത്തിൽ അവയെല്ലാം പുനരാരംഭിക്കുവാനും സാധിച്ചു. എല്ലാ വർഷവും സ്കൂൾ അടച്ച് കഴിയുമ്പോൾ നാട്ടിലെത്തി ഒരു മാസം സഹോദരങ്ങളോടും മാതാപിതാക്കളോടുമൊപ്പം കഴിയുക എന്നത് പതിവായിരുന്നു. 11 മാസത്തെ കാത്തിരിപ്പിനുശേഷം വളരെ സന്തോഷത്തോടെയാണ് നാട്ടിലെത്തുന്നത്. എല്ലാവരെയും കാണുവാനും, സംസാരിക്കുവാനും നാടൻ ഭക്ഷണങ്ങളൊക്കെ ആസ്വദിക്കുവാനും വേണ്ടി കാത്തിരിക്കുന്ന ദിവസങ്ങൾ. ഈ വർഷം അങ്ങനെയൊരു ഭാഗ്യം ഞങ്ങൾക്ക് ലഭിച്ചില്ല. എങ്കിലും വിശേഷ ദിവസങ്ങളിൽ ഒരുമിച്ച് കാണുവാനും ആശംസകൾ കൈമാറുവാനും online -ലൂടെ ഞങ്ങൾ പരിശ്രമിക്കുന്നു.

ഈ മഹാമാരിമൂലം ഒരുപാടു കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മറ്റുള്ളവരുടെ ഇല്ലായ്മകളിലേക്ക് നോക്കുമ്പോൾ നമുക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളെ തിരിച്ചറിയാൻ സാധിക്കും. ജോലി നഷ്ടപ്പെട്ടവരെ

കാണുമ്പോൾ ശമ്പളക്കുറവിന്റെ വിഷമം മറക്കുവാനും ഒരു നേരത്തിന് പോലും ഭക്ഷണമില്ലാത്തവരെ കാണുമ്പോൾ ഇഷ്ടഭക്ഷണങ്ങൾ കിട്ടാത്തതിന്റെ പരാതികൾ പറയാതിരിക്കുവാനും, അസുഖം മൂലം വേദനിക്കുന്നവരെ കാണുമ്പോൾ വീടുനുള്ളിൽ യാതൊരുവിധ അനർത്ഥങ്ങളും ഉണ്ടാകാതെ സുരക്ഷിതരായിരിക്കുന്ന നമുക്ക് ഓരോ നിമിഷവും നമ്മെ പരിപാലിച്ചു കൊണ്ടിരിക്കുന്ന തമ്പുരാന്റെ കാരുണ്യത്തിന് നന്ദി പറയുവാൻ കഴിയും.

ഈ കോവിഡ് കാലഘട്ടം ഒരുപാടു കാര്യങ്ങൾ നമ്മെ പഠിപ്പിച്ചു. ഒരിക്കലും തിരിച്ചറിയാതെ പോയ പലകാര്യങ്ങളും നാം തിരിച്ചറിഞ്ഞു. ഭക്ഷണത്തിന്റെ രുചിയും, ബന്ധങ്ങളുടെ ഊഷ്മളതയും, ആത്മീയതയുടെ ആവശ്യകതയും, ധനത്തിന്റെ മൂല്യച്യുതിയും, മനുഷ്യജീവിതത്തിന്റെ പരിമിതികളും നാം മനസ്സിലാക്കി. തിരിച്ചറിവിൽ നമ്മുടെ ജീവിത ബന്ധങ്ങളെ മെച്ചപ്പെടുത്തുവാനും, മറ്റുള്ളവരെ കൂടുതൽ സ്നേഹിക്കുവാനും, തളർന്നു വീഴുന്നവരെ താങ്ങുവാനും നമുക്ക് കഴിയട്ടെ എന്നാഗ്രഹിക്കുകയും ഈ ഒക്ടോബർ മാസത്തിൽ പരിശുദ്ധ അമ്മയുടെ അനുഗ്രഹം പ്രത്യേകമായി നമ്മിൽ ഓരോരുത്തരിലും ഉണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



# മിഷൻ ന്യൂസ്

## 1. കുൺഡറക്ക് പുതുജീവൻ

ഒറീസ്സായിലെ ഉൾനാടൻ ഗ്രാമമായ കുൺഡറ എം. എസ്. റ്റി വൈദികരുടെ സാന്നിധ്യത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണ്.



ആധുനികതയുടെ മാറ്റങ്ങൾ ലവലേശം കടന്നുചെല്ലാത്ത ഗ്രാമത്തിൽ യേശുവിന്റെ സുവിശേഷവുമായി കടന്നു ചെന്നിരിക്കുകയാണ് രണ്ട് എം. എസ്. റ്റി യുവവൈദികർ. ബഹു. ജോസിൻ തറപ്പുതൊട്ടി അച്ചനും, ബഹു. ജിബിൻ മണിയാലി അച്ചനും. വാടക വീട്ടിൽ താമസിച്ചുകൊണ്ട് മിഷൻപ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സന്തോഷത്തോടും, സ്നേഹത്തോടും കൂടിയാണ് ഗ്രാമവാസികൾ അച്ചന്മാരെ സ്വീകരിച്ചത്.

## 2. മിഷൻ മദ്ധ്യസ്ഥയുടെ തിരുനാൾ ദിനത്തിൽ പുതിയ മിഷൻ സെന്റർ

മിഷന്റെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനത്തിൽ ഒറീസ്സായിലെ കൊറാപൂട്ട് ജില്ലയിൽ ലക്ഷമിപൂർ ഗ്രാമത്തിൽ പുതിയ മിഷൻ സെന്റർ ആരംഭിച്ചു. തിരുഹൃദയത്തിനു സമർപ്പിച്ച ഈ മിഷൻ സെന്റർ അനേകരെ ഈശോയുടെ ഹൃദയ



ത്തിന്റെ ഭാഗമാക്കുമെന്ന് ബഹു. ജിജോ കോട്ടകാവിൽ അച്ചനും, ബിനീഷ് അച്ചനും പറയുന്നു. ഈ യുവവൈദികരാണ് ഉൾനാടൻ ഗ്രാമവാസികൾക്കായി ജീവിതം മാറ്റിവച്ചിരിക്കുന്നത്. റോഡുകൾ പോലും ഇല്ലാത്ത ഈ ഗ്രാമം നടന്നും, മലകൾ താണ്ടിയും ആണ് യുവ എം. എസ്. റ്റി വൈദികർ ചെന്നുപ്പെട്ടത്. ഈ ഗ്രാമം ഈശോയെ ഏറ്റവും വേഗത്തിൽ സ്വന്തമാക്കുവാൻ ആണ് തങ്ങൾ ശ്രമിക്കുന്നത് എന്ന് ഡയറക്ടർ കൂടി ആയ ബഹു. ജിജോ അച്ചൻ അറിയിച്ചു.

### 3. നിർമൽ ജ്യോതി ഇൻഡോർ - അശരണർക്ക് ആശ്വാസം

കൊറോണകാലത്ത് കുടുംബങ്ങളിൽ താമസിക്കുന്ന ബുദ്ധി മാന്ദ്യം സംഭവിച്ച കുട്ടികൾ കഠിനയാതനകളിലൂടെ ആണ് കടന്നു പോയത്. നമ്മുടെ സെന്ററുകളിൽ എത്തുവാൻ സാധിക്കാതിരുന്നത് പലരേയും പട്ടിണിയിലേക്ക് തള്ളിവിട്ടു. ഈ കുട്ടികളെ ജീവിത ത്തിലേക്ക് കൂട്ടികൊണ്ടുവരാൻ ആയി ബഹു. ജോൺ പന്തലിപാ ടൻ അച്ചന്റെയും, ബഹു. ചാക്കോച്ചൻ കുറ്റാരപ്പള്ളി അച്ചന്റെയും





നേതൃത്വത്തിൽ ദീപാവലിക്ക് ആവശ്യമായ 'ദിയ' ഉണ്ടാക്കി വിൽപന ആരംഭിച്ചു. ഇതിൽ നിന്നും കിട്ടുന്ന വരുമാനം ഈ കുഞ്ഞുങ്ങളുടെ ജീവിത ചിലവുകൾക്ക് മാറ്റി വെക്കും എന്ന് ജോൺ അച്ചൻ അറിയിച്ചു.

## 4. മഴവെള്ളം തകർത്ത ജീവിതങ്ങൾ കരകയറ്റി എം. എസ്. റ്റി വൈദികർ

അപ്രതീക്ഷിതമായി എത്തിയ മഴ വടക്കൻ ഡൽഹിയിലെ ചേരികളെ നരകജീവിതത്തിലേക്ക് തള്ളിവിട്ടു. പലവീടുകളിലും ഓടയിൽ നിന്നും വെള്ളം കയറുകയും ജനജീവിതം സ്തംഭിപ്പി



ക്കുകയും ചെയ്തു. മാലിന്യ മല ഇടിഞ്ഞ് വീണ് ബലസ്വയിലെ (ഡൽഹിയിലെ മാലിന്യ മല) പല ഭവനങ്ങളും വാസയോഗ്യമല്ലാതെ ആയി. ജീവിതത്തിൽ എന്ത് ചെയ്യണം എന്നു പകച്ചു നിന്ന ജനങ്ങൾക്ക് സ്വന്തം ഭവനങ്ങളും, ഓഫീസും തുറന്ന്



കൊടുത്ത് എം. എസ്. റ്റി വൈദികർ യേശുവിന്റെ സ്നേഹത്തിന്റെ സന്ദേശവാഹകരായി. ബഹു. സന്തോഷ് ഓലപ്പുരയ്ക്കൽ അച്ചന്റെയും, ജോർജ്ജ് അച്ചന്റെയും നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്.

## 5. എം. എസ്. റ്റി മിഷനറിമാർക്ക് ഗവൺമെന്റ് അനുമോദനം

മാണ്ഡ്യ ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച എം. എസ്. റ്റി വൈദികരെ കർണാടക സർക്കാർ ആദരിച്ചു. മഹാമാരി സമയത്ത് ആയിരകണക്കിന് ആളുകൾക്ക് സ്വാന്തനം ഏകാൻ ബഹുമാനപ്പെട്ട വൈദികർ ശ്രമിച്ചു എന്ന് അനുമോദന സന്ദേശത്തിൽ പറയുന്നു. ബുദ്ധിമുട്ടനുഭവിക്കുന്ന ഗ്രാമ വാസികൾക്ക് ഭക്ഷണവും, മാസ്കും, സാനിറ്റൈസറും



നൽകിയും അവർക്ക് കോവിഡ് മഹാമാരിയെ പ്രതിരോധിക്കാനുള്ള മാർഗങ്ങൾ പറഞ്ഞ് കൊടുത്തും, എം. എസ്. റ്റി വൈദികർ മാതൃകയായി. ബഹു. ജോസഫ് തെക്കേകരോട്ട് അച്ചന്റെയും, ജോസുകുട്ടി അച്ചന്റെയും രാപകൽ ഇടവിടാതെയുള്ള പ്രവർത്തനമാണ് ഈ നേട്ടത്തിന് പിന്നിൽ.

## 7. കോവിഡ് രോഗികൾക്ക് ആശ്വാസമായി ദിവ്യകാരുണ്യ പ്രദീക്ഷിണം

കൊറോണ വൈറസിന്റെ ആക്രമണത്തിൽ ജീവൻ ഭയം നില നിന്നിരുന്ന ഗ്രാമവാസികൾക്കായി ദിവ്യകാരുണ്യ പ്രദീക്ഷിണം. ഒറീസ്സായിലെ 7 ഗ്രാമങ്ങളിലാണ് ദിവ്യകാരുണ്യ പ്രതീക്ഷണം നടന്നത്. ജീവനെ പോലും തൃണവൽകരിച്ചുകൊണ്ട് ബഹു. ജോസ് ചെറിയമ്പനാട്ട് അച്ചനും, അമ്പ്രോസ് അച്ചനും ആണ് ദൈവ



സ്നേഹത്തിന്റെ വറ്റാത്ത അരുവികളായി തീർന്നത്. റോഡുകൾ അലങ്കരിച്ചും, സാമൂഹിക അകലത്തിൽ വീടിനുമുൻപിൽ തമ്പുരാനെ സ്തുതിച്ചുകൊണ്ട് ജനങ്ങൾ ഈ ദിവ്യകാരുണ്യ പ്രതീക്ഷണത്തെ വരവേറ്റു.

## 6. പടൽ ഗ്രാമം വിശ്വാസ വെളിച്ചത്തിലേക്ക്

മഹാരാഷ്ട്രയിലെ, കോലാപൂരിനടുത്തുള്ള പടൽ ഗ്രാമം ഈശോയെ അറിഞ്ഞ് വിശ്വാസ വെളിച്ചത്തിലേക്ക്. ബഹു. പേടികാട്ടുകുന്നേൽ അച്ചന്റെ നേതൃത്വത്തിൽ ആണ് ഈ ഗ്രാമത്തിൽ സുവിശേഷവത്കരണം നടത്തുന്നത്. സാധാരണക്കാരായ ഗ്രാമവാസികൾ ഈശോയെ അറിയുവാൻ അച്ചനോട് ഒപ്പം ആയിരിക്കുന്നു. വി. കുർബാനയും, വചനശുശ്രൂഷയും അച്ചൻ അവർക്കു വേണ്ടി നടത്തുന്നു. രണ്ട് കുടുംബങ്ങൾ മാമ്മോദീസാ മുങ്ങി എന്നാണ് അച്ചൻ അറിയിച്ചിരിക്കുന്നത്.



## 8. ബലികുടയ്ക്ക് സാന്തോം ഫെലോഷിപ്പിന്റെ സ്നേഹസമ്മാനം

മിഷനറി സഹകാരികൾ ഏറ്റെടുത്ത മിഷൻ കേന്ദ്രമാണ് ഒറീസ്സായിലെ ബലികുട. കോവിഡ് കാലത്ത് മാറ്റിവച്ച പണവും, ആഘോഷങ്ങൾ മാറ്റിവച്ച് മിച്ചം പിടിച്ച പണവും സൻമനസ്സുള്ളവരുടെ സഹായവും കൊണ്ട് ഒരു ലക്ഷം രൂപാ ബലികുട മിഷൻ കേന്ദ്രത്തിന് നല്കുവാൻ സാധിച്ചു. സഹകാരികളുടെ പ്രതിനിധികളായ ഡെയ്സി ചിറയത്തും, റാണി കുറ്റാരപ്പള്ളിയും ചേർന്ന് പീറ്റർ കാവുംപുറത്ത് അച്ചന്റെ സാന്നിധ്യത്തിൽ പണം ബലികുടയുടെ ഡയറക്ടർ ബഹു. മനു അച്ചന് കൈമാറി. പള്ളി പണിയും, അതുപോലെ മറ്റ് പ്രവർത്തനങ്ങളും മനേഹരമായി മുന്നോട്ട് പോകുന്നു എന്ന് മനു അച്ചൻ അറിയിച്ചു.





# വഴിത്താര തീർക്കുന്നവർ

## റവ. ഫാ. തോമസ് മനിച്ചിരിക്കൽ



**തയ്യാറാക്കിയത്:**
**ഫാ. ബെനെഡിക്റ്റ് വാരപ്പടവിൽ MST**

1951 സെപ്റ്റംബർ 13-ാം തീയതി പാലാ രൂപതയിലെ നീലൂർ ഇടവകയിൽ മനിച്ചിരിക്കൽ തൊമ്മന്റെയും ത്രേസ്യായുടെയും ഏഴുമക്കളിൽ 4-ാമനായി ബഹുമാനപ്പെട്ട തോമസ് അച്ചൻ ജനിച്ചു. 1958 -ൽ മറ്റത്തിപ്പാറ ഇടവകയിലേക്ക് സ്ഥലം മാറി താമസിച്ച അച്ചൻ നീലൂർ, മറ്റത്തിപ്പാറ, കരിങ്കുന്നം എന്നിവിടങ്ങളിലെ സ്കൂളുകളിലൂടെ 10 -ാം ക്ലാസ്സുവരെ



ഉള്ള തന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1968 ൽ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം ആരംഭിച്ച അച്ചൻ അതേ വർഷം തന്നെ സ്ഥാപിതമായ നമ്മുടെ സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ ആദ്യ ബാച്ച് വിദ്യാർത്ഥികളിൽ ഒരാളാണ്. ദീപ്തി മൈനർ സെമിനാരി തുടങ്ങുന്നതിനു മുമ്പു തന്നെ സെമിനാരിയിൽ ചേർന്ന അച്ചൻ തന്റെ മൈനർ സെമിനാരി പഠനം പൂർത്തിയാക്കിയത് പാലാരൂപതയുടെ മൈനർ സെമിനാരിയായ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിലാണ്. രണ്ട് വർഷത്തെ മൈനർ സെമിനാരി പരിശീലനത്തിനുശേഷം തത്വശാസ്ത്രം (Philosophy) പഠിക്കുവനായി അച്ചൻ അയ്ക്കപ്പെട്ടത് സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി ആലുവയിലേക്കാണ്. മൂന്നു വർഷത്തെ തത്വശാസ്ത്ര പരിശീലനത്തിനുശേഷം ഒരു വർഷത്തെ റീജെൻസിക്കായി ഉജ്ജൈൻ രൂപതയിലേക്ക് അയച്ചു. റീജെൻസിക്കു ശേഷം വീണ്ടും ആലുവാ സെമിനാരിയിൽ തന്നെ തന്റെ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1978 മാർച്ച് 18 ന് അതേ വർഷം തന്നെ സ്ഥാപിതമായ ഉജ്ജൈൻ രൂപതയുടെ പ്രഥമ മെത്രാനായി സ്ഥാനാരോഹണം ചെയ്യപ്പെട്ട അഭിവന്ദ്യ മാർ ജോൺ പെരുമറ്റം പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു.

ആടുകളുടെ ഗന്ധമുള്ള ഇടയൻ എന്ന് വൈദീകരെകുറിച്ച് ഫ്രാൻസീസ് പാപ്പാ പ്രതിപാദിക്കുന്നതിനും വർഷങ്ങൾക്കു മുൻപ് തന്നെ ആ ഒരു ആപ്തവാക്യം സ്വന്തമാക്കി ആടുകളുടെ ഇടയിലേക്ക്, ഉജ്ജൈൻ മിഷൻഭൂമിയിലേക്ക് ഇറങ്ങി പ്രവർത്തിച്ച് ജനങ്ങളുടെ നേതാവായി, അവരുടെ മുൻപേ നടന്ന് അവർക്കായി പൊരുതിയ ഒരു നല്ല ഇടയനാണ് ബഹുമാനപ്പെട്ട തോമസ് മനിച്ചിരിക്കൽ അച്ചൻ. 42 വർഷക്കാലത്തെ തന്റെ പൗരോഹിത്യജീവിതത്തിൽ 40 വർഷവും ഉജ്ജൈൻ മിഷൻ മണ്ണിൽ ഏതു കാലവസ്ഥ

യോടും, ജീവിതസാഹചര്യങ്ങളോടും പൊരുത്തപ്പെട്ട് ദൈവത്തിനും ദൈവജനത്തിനുമായി വേല ചെയ്ത അച്ചനും അച്ചന്റെ പ്രവർത്തനങ്ങളും വളർന്നുവരുന്ന മിഷനറിമാർക്ക് എന്നും ഒരു പ്രചോദനമാണ്. അച്ചനെകുറിച്ചും അച്ചന്റെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും നമുക്ക് അച്ചനോട് തന്നെ നേരിട്ടു ചോദിച്ച് അറിയാം.

**1. അച്ചന്റെ ദൈവവിളിയെക്കുറിച്ചും, മിഷനറി ആകാൻ തീരുമാനിച്ചതിനെ കുറിച്ചും സാന്തോം ഫെലോഷിപ്പ് അംഗങ്ങളോട് ഒന്നു പങ്കുവയ്ക്കാമോ?**

ഉറച്ച ദൈവഭക്തരായ എന്റെ മാതാപിതാക്കളും, സഹോദരങ്ങളും, നല്ല വികാരിയച്ചന്മാരും, അധ്യാപകരും, മിഷൻ ലീഗിന്റെ രൂപതാ ഡയറക്ടർ ആയിരുന്ന ബഹുമാനപ്പെട്ട അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ അച്ചനും, പി. സി. അബ്രാഹം സാറും എന്റെ ദൈവവിളിയെ കണ്ടെത്താൻ സഹായിച്ച അനേകരിൽ പ്രമുഖരാണ്. മാതാപിതാക്കളിൽ നിന്നും ലഭിച്ച നല്ല ശിക്ഷണം, പള്ളിയും വൈദികരുമായിട്ടുള്ള ബന്ധം, മിഷൻ ലീഗിലെ അംഗത്വം, ഇടവകയിൽ നിന്നും മിഷനു പോയവരുമായിട്ടുള്ള ബന്ധം ഇവ ഒരു മിഷനറി വൈദികനാകുവാനുള്ള ആഗ്രഹം എന്നിൽ ഉളവാക്കി.

ദൈവവിളി ക്യാമ്പിൽ സംബന്ധിച്ച അവസരത്തിൽ മിഷൻ ലീഗിന്റെ ഡയറക്ടർ ആയിരുന്ന ബഹുമാനപ്പെട്ട അബ്രാഹം ഈറ്റയ്ക്കക്കുന്നേൽ അച്ചനും മിഷൻ ലീഗിന്റെ സോണൽ ഡയറക്ടർ



ആയിരുന്ന പി.സി അബ്രാഹ (കുഞ്ഞേട്ടൻ)വും സീറോ മലബാർ സഭയ്ക്ക് വേണ്ടി അടുത്തകാലത്ത് സ്ഥാപിതമായ സെന്റ് തോമസ് മിഷനറി സൊസൈറ്റിയിൽ ചേർന്ന് ഒരു മിഷനറി വൈദികനാകുവാനുള്ള നിർദ്ദേശം എനിക്കു തന്നു. അങ്ങനെയാണ് ആദ്യമായി സെന്റ് തോമസ് മിഷനറി സൊസൈറ്റിയെക്കുറിച്ച് കേൾക്കുവാൻ ഇടയായത്. സൊസൈറ്റിയുടെ ആസ്ഥാനമോ, അധികാരികളെയോ, പ്രവർത്തനങ്ങളോ ഒന്നും എനിക്ക് അറിഞ്ഞുകൂടായിരുന്നു. എങ്കിലും ബഹുമാനപ്പെട്ട ഈറ്റയ്ക്കക്കുന്നേലച്ചന്റെ നിർദ്ദേശപ്രകാരം സെന്റ് തോമസ് മിഷനറി സൊസൈറ്റിയിൽ ചേരുവാൻ തീരുമാനിച്ചു. പാലാ രൂപതയുടെ മൈനർ സെമിനാരിയായിരുന്നു ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ പോയി പ്രവേശനപരീക്ഷ എഴുതുകയും അങ്ങനെ എനിക്ക് പ്രവേശനം ലഭിക്കുകയും ചെയ്തു. പാലാ രൂപതയ്ക്ക് വേണ്ടി ചേർന്ന് വൈദിക വിദ്യാർത്ഥികളുടെ കൂടെ എന്റെയും മൈനർ സെമിനാരി പഠനം രൂപതയുടെ സെമിനാരിയിൽ തന്നെ തുടങ്ങി. പിന്നീടാണ് അറിയുന്നത് ഞങ്ങളുടെ പുതിയ റെക്ടർ ആയി നിയമിതനായ ബഹുമാനപ്പെട്ട ജോൺ പെരുമറ്റത്തിലച്ചനാണ് സൊസൈറ്റിയുടെ ഡയറക്ടർ ജനറൽ എന്ന്. സെമിനാരിയിലെ ആദ്യവർഷത്തിൽ തന്നെ സൊസൈറ്റിയിലെ ആദ്യകാല അംഗങ്ങളായ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ പൊട്ടനാനി അച്ചനെയും, അഗസ്റ്റ്യൻ പുത്തൻപുര അച്ചനെയും, ജോസഫ് മാലിപ്പറമ്പിൽ അച്ചനെയും, ജോസഫ് മറ്റത്തിൽ അച്ചനെയും പരിചയപ്പെട്ടു. അവരുമായിട്ടുള്ള സമ്പർക്കവും അവരുടെ തീക്ഷ്ണമായ വചനങ്ങളും, പ്രാർത്ഥനകളും, പ്രോത്സാഹന വാക്കുകളും എന്നിൽ ആത്മീയ വിശ്വാസവും, തീക്ഷണതയും ഉളവാക്കി.

**2. അച്ചന്റെ അപ്പോയിൻമെന്റ്കളെകുറിച്ചും, അവിടങ്ങളിലെ അച്ചന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഒന്ന് സംസാരിക്കാമോ?**

1978 മാർച്ച് 18 ന് ഞാൻ വൈദികപട്ടം സ്വീകരിച്ചു. എനിക്ക് ആദ്യം നിയമനം ലഭിച്ചത് പാലക്കാട് രൂപതയിൽ വടക്കാഞ്ചേരിയിലുള്ള സൊസൈറ്റിയുടെ എസ്റ്റേറ്റിലാണ്. വടക്കാഞ്ചേരി പള്ളിയുടെ കുരിശുപള്ളിയായ ആരോഗ്യപുരം സെന്റ് മേരീസ് ചർച്ചിന്റെ ചുമതലയും ഏല്പിച്ചു. നാനാജാതി മതസ്ഥരും വിവിധ രാഷ്ട്രീയ പ്രവർത്തകരും വിവിധ സാമ്പത്തിക നിലവാരമുള്ളവരും- തൊഴിലാളികൾ മുതൽ വലിയ എസ്റ്റേറ്റ് ഉടമകൾ വരെ. ഇവർക്കൊപ്പം രണ്ട് വർഷങ്ങളോളം സേവനം ചെയ്തു. സാമൂഹിക ക്ഷേമപ്ര



വർത്തനങ്ങളിൽ ജാതിമത രാഷ്ട്രീയ ഭേദമന്യേ അവരുടെ പിന്തുണയും സഹകരണവും ലഭിച്ചതുകൊണ്ട് വളരെ കാര്യങ്ങൾ അവിടെ ചെയ്യുവാൻ എനിക്ക് സാധിച്ചു. റോഡ്, വാഹനം, വൈദ്യുതി മുതലായ സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിച്ചു. 1980 ൽ ഉജ്ജൈൻ മിഷനിലേക്ക് എന്നെ അയച്ചു. റീജെൻസി കാലത്ത് പരിചയപ്പെട്ട ആൾക്കാരും, കുട്ടികളും, സിസ്റ്റേഴ്സും ഉള്ള ബ്യാവരാ മിഷൻ സ്റ്റേഷനിലേയ്ക്ക് വളരെ സന്തോഷപൂർവ്വമാണ് ഞാൻ കടന്ന് ചെന്നത്. രൂപതയുടെ ആരംഭ കാലഘട്ടമായിരുന്നു അത്. ഭാഷാ, സംസ്കാരം, ആചാര്യമര്യാദകൾ ഇതെല്ലാം പഠിക്കുന്നത് ഒരു വലിയ വെല്ലുവിളിതന്നെയായിരുന്നു. എങ്കിലും ജനങ്ങളുമായുള്ള സമ്പർക്കം മുഖേന ഈ പ്രതിസന്ധികൾ എല്ലാം തന്നെ ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിച്ചു. വരൾച്ചയുടെ ഒരു സാഹചര്യമായിരുന്നാൽ സർക്കാരിന്റെ പ്രവർത്തനങ്ങളോട് ചേർന്ന് കുടിവെള്ളത്തിനും, ജലസേചനത്തിനുമായി കിണറുകളും തടാകങ്ങളും കുഴിപ്പിച്ച് കൃഷിക്കാരായ ജനങ്ങളുടെ സാമ്പത്തിക വ്യവസ്ഥ സുസ്ഥിരമാക്കുവാൻ സാധിച്ചു. ഇതിനിടയിലും ഗ്രാമങ്ങളിൽ പോകുവാനും പ്രാർത്ഥനകൂട്ടായ്മകൾ ആരംഭിക്കുവാനും ദൈവവചനം പങ്കുവയ്ക്കുവാനും സാധിച്ചു. അവരെ ശ്രവിക്കുവാനും അവരുടെ കഷ്ടപാടുകളും വേദനകളും ദുഃഖങ്ങളും അറിയുവാനും അതിനുള്ള പരിഹാരമാർഗങ്ങൾ കണ്ടുപിടിക്കുവാനും ഒരുമിച്ച് പരിശ്രമിച്ചു. അവരെ അറിഞ്ഞ് മനസ്സിലാക്കി, സ്നേഹിച്ച്, അവർക്ക് വേണ്ടി പല ക്ഷേമ പ്രവർത്തന

ങ്ങൾക്കും നേതൃത്വം നല്കുവാനും സാധിച്ചു. ബ്യാവരയ്ക്കു ശേഷം ഞാൻ പ്രവർത്തിച്ച സുസ്നേർ മിഷൻ സ്റ്റേഷനിലും, ചന്ദേശ്ശേരി മിഷൻ സ്റ്റേഷനിലും, ബെർച്ച മിഷൻ സ്റ്റേഷനിലും ഈ വക കാര്യങ്ങൾ തുടരുവാനായി എനിക്ക് സാധിച്ചു. ഇങ്ങനെയുള്ള എന്റെ മിഷനറി ജീവിതകാലത്ത് എന്നെ ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുവാനും, എന്റെ മിഷൻ പ്രവർത്തനം കൂടുതൽ സജീവമാക്കുവാനും സാധിച്ചു.

**ദ. ഒരു മിഷനറി വൈദികനായ അച്ചൻ, അങ്ങയുടെ വൈദികജീവിതത്തിന്റെ ഭൂരിഭാഗവും സീറോമലബാർ സഭയുടെ ആദ്യ മിഷൻ രൂപതകളിൽ ഒന്നായ ഉജ്ജൈൻ രൂപതയിലാണല്ലോ ചിലവഴിച്ചത്. രൂപതയുടെ തുടക്കകാലം മുതൽ രൂപതയിൽ പ്രവർത്തിക്കുന്ന ഒരു വൈദികൻ എന്ന നിലയിൽ രൂപതയുടെ ആദ്യകാലഘട്ടത്തെക്കുറിച്ചും, മാറ്റങ്ങൾ, വളർച്ചകൾ എന്നിവയെക്കുറിച്ചും ഒന്ന് സംസാരിക്കാമോ?**

സാമ്പത്തികമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെങ്കിലും മിഷൻ സ്റ്റേഷനുകൾ തുടങ്ങി വളർത്തി കൊണ്ടുവരുന്നതിന് അഭിവന്ദ്യ പിതാവ് അച്ചന്മാർക്ക് പരിപൂർണ്ണ പിന്തുണയും പ്രോത്സാഹനവും നല്കി. സാമ്പത്തികമായി ഒന്നും ഇല്ലാതിരുന്ന രൂപത, തണുപ്പിൽ നിന്നും ഉള്ള സംരക്ഷണത്തിനായി വിദേശത്തു നിന്നും ലഭിച്ചിരുന്ന ഉപയോഗിച്ച കമ്പിളി വസ്ത്രങ്ങൾ, വയറു മുറുക്കി ചിലവ് ചുരുക്കി, പഞ്ചസാരയും പഴങ്ങളും ഉപേക്ഷിച്ച് കഴിഞ്ഞ ആരംഭകാലം, എന്നാലും തീക്ഷ്ണതയോടെ ഗ്രാമങ്ങളിൽ പോയി ദൈവവചനം പങ്കുവയ്ക്കുന്ന കാലം. നിരക്ഷരായ മുതിർന്നവർക്കും കുട്ടികൾക്കും അക്ഷരാഭ്യാസം നല്കുന്നതിന് എല്ലാദിവസവും ഗ്രാമങ്ങളിലേക്ക് സൈക്കിളിലോ, ജീപ്പിലോ ഉള്ള യാത്ര. എതിർപ്പുകൾ ഉണ്ടെങ്കിലും എല്ലാവരും ഒരുമിച്ച് പ്രാർത്ഥിച്ച് വിവിധ ഗ്രാമങ്ങളിലേക്ക് കടന്നു ചെന്നു. അവരെ ശ്രവിച്ച് അവരുടെ കഷ്ടപാടുകളും വേദനകളും ദുഃഖങ്ങളും



അറിയുവാൻ ശ്രമിച്ചു. പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ ഒരുമിച്ചു കൈകോർത്തു. ഞങ്ങളും അവരിൽ ഒരുവരായി അവരെ അറിഞ്ഞു മനസ്സിലാക്കി സ്നേഹിച്ചു. അവർക്കുവേണ്ടി പ്രാർത്ഥന ഗ്രൂപ്പുകളും, ദൈവവചനക്ലാസ്സുകളും ആരംഭിച്ച് അവർക്ക് സ്വാന്തനമേകി. പ്രയാസങ്ങൾ ഉണ്ടെങ്കിലും സന്തോഷവും സംതൃപ്തിയും നിറഞ്ഞ ദിനങ്ങൾ ആയിരുന്നു അത്.

**4. ഉജ്ജൈനിൽ തന്നെ അച്ചൻ ഏറ്റവും കൂടുതൽ വർഷം പ്രവർത്തിച്ചത് ബെർച്ച എന്ന മിഷൻ സ്റ്റേഷനിലാണല്ലോ, അവിടുത്തെ അച്ചന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, അവിടുത്തെ ആൾക്കാരെക്കുറിച്ചും, അവർക്ക് നമ്മളോടുള്ള സമീപനത്തെക്കുറിച്ചും പങ്കുവയ്ക്കാമോ?**

ബെർച്ചായിൽ ദീർഘമായ 18 വർഷം സേവനം ചെയ്യുന്നതിനുള്ള അവസരം രൂപത എനിക്കു നല്കി. ആറായിരത്തോളം ജനസംഖ്യ വരുന്ന ഒരു ഗ്രാമപ്രദേശമാണ് ബെർച്ച. ഹിന്ദി മീഡിയം സ്കൂളും പിന്നീട് ആൾക്കാരുടെ താല്പര്യപ്രകാരം ഇംഗ്ലീഷ് മീഡിയം സ്കൂളും വിദൂരസ്ഥ ഗ്രാമങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്കായി തുച്ഛമായ ഫീസ് വാങ്ങി നടത്തുന്ന ഒരു ബോർഡിങ്ങും, പള്ളിയും ഇവിടെയുണ്ട്. ബോർഡിങ്ങിൽ നിന്നും പഠിച്ചുപോയ കുട്ടികൾ എല്ലാവരും തന്നെ തുടർന്ന് പഠിച്ച് നഴ്സുമാരായും, ടീച്ചേഴ്സ് ആയും, മറ്റ് വിവിധ മേഖലകളിലും ജോലി ചെയ്യുന്നു. മറ്റ് മിഷൻ സ്റ്റേഷനുകളിൽ ഉള്ളതുപോലെ തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷന്മാർക്കുമായി സാമ്പത്തിക ഉന്നമനത്തിനും, കൂട്ടായ്മയ്ക്കും, ഗ്രാമത്തിലെ സാമൂഹിക ആവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനും, ഗ്രാമത്തിന്റെ ഉന്നമനത്തിനുമായി 80 -ൽ അധികം സ്വയം സഹായ സമൂഹങ്ങൾ (Self Help Groups) പ്രവർത്തിക്കുന്നു. പതിനാല് ഗ്രാമങ്ങളിൽ നിന്നുള്ള കുട്ടികൾ നമ്മുടെ സ്കൂളിൽ പഠിക്കുന്നുണ്ട്.

മിഷനറിമാരെ എതിർക്കുന്ന ഒരു വിഭാഗം ആൾക്കാർ ഉണ്ടെങ്കിലും അധികം ആളുകളും നമ്മെ, സ്നേഹിക്കുകയും, ആദരിക്കുകയും, സഹായിക്കുകയും ചെയ്യുന്നവരാണ്. ഇവിടുത്തെ അധികം ആൾക്കാർക്കും മിഷനറിമാർ വിദേശികളും മതപരിവർത്തനത്തിനു മാത്രം വന്നവരും ആണെന്നുള്ള ധാരണയാണ്. എന്നാലും ക്രൈസ്തവരായ നമുക്ക് സ്ഥലം വാങ്ങുവാനും, നമ്മുടെ സ്ഥാപനങ്ങൾ നടത്തുന്നതിനും അവരുടെ കുട്ടികളെ നമ്മുടെ സ്കൂളുക



ളിൽ നല്ല വിദ്യഭ്യാസം ലഭിക്കുന്നതിനുമായി അയക്കുന്നതിനും അവർ തയാറായി. ആൾക്കാരുടെ സഹകരണവും സഹായവും എല്ലാ കാര്യങ്ങളിലും എനിക്ക് ലഭിച്ചു.

അക്രൈസ്തവരായ അവർ നമ്മുടെ പള്ളികളിൽ പ്രാർത്ഥിക്കാൻ വരുന്നതും കുർബ്ബാനയിൽ സംബന്ധിക്കുന്നതും ക്രിസ്തുമസ് ആഘോഷിക്കുവാൻ ഉത്സാഹത്തോടെ നമ്മോടൊത്ത് കാര്യങ്ങൾ ചെയ്യുന്നതും അവർക്ക് താല്പര്യമായിരുന്നു. അവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും സന്തോഷങ്ങളും പങ്കുവച്ച്, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവർ വിളിക്കുമായിരുന്നു. ഒരു കുടുംബത്തിലെ അംഗത്തെപ്പോലെ എന്നെയും സിസ്റ്റേഴ്സിനെയും അവർ സ്വീകരിച്ചു.

**5. അച്ചൻ ഒരു നല്ല കർഷകൻ ആണെന്നും, അതോടൊപ്പം കൃഷിചെയ്ത് ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ രുചികരമായ പാകം ചെയ്യുവാനും കഴിവുള്ള ഒരു വ്യക്തിയുമാണെന്ന് കേട്ടിട്ടുണ്ട്. കൃഷി ചെയ്യാനും പാകം ചെയ്യാനും ഉള്ള താല്പര്യം എങ്ങനെ ഉണ്ടായി എന്നും, ഇത് അച്ചനെ മിഷൻ പ്രദേശങ്ങളിൽ എത്രത്തോളം സഹായകരമായിരുന്നു എന്ന് വിശദീകരിക്കാമോ?**

കൃഷിയിലും പാചകത്തിലും ചെറുപ്പം മുതലേ ഉണ്ടായിരുന്ന അഭിരുചി മിഷനിൽ എനിക്കും മറ്റുള്ളവർക്കും വളരെ സഹായകമായി. കൃഷിക്കാരായ ജനങ്ങളുടെ ഇടയിൽ ആധുനിക കൃഷിരീതികൾ, മണ്ണ് സംരക്ഷണം, ജലസേചനം, രാസവളകീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ, കൃഷിയിലെ അമിത ചിലവുകൾ, വിത്തും വളവും വില്ക്കുന്ന വ്യാപരികളുടെയും, ഉല്പാദകരുടെയും തട്ടിപ്പ് എന്നിവയെക്കുറിച്ച് സാധാരണ കൃഷിക്കാർക്ക് പറഞ്ഞുകൊ

ടുക്കുവാൻ എനിക്ക് സാധിച്ചു. മാർക്കറ്റിൽ ലഭിക്കുന്ന വിഷം കലർന്ന പച്ചകറികൾ വാങ്ങി രോഗികളാകാതെ സ്വന്തമായി പച്ച ക്കറികൾ ഉല്പാദിപ്പിക്കണമെന്ന സന്ദേശവും ജനങ്ങൾക്ക് കൊടു ക്കുവാൻ സാധിക്കുന്നു. കൃഷി ചെയ്യുന്നതിൽ നിന്നും മാനസികവും ശാരീരികവുമായ ആരോഗ്യം ലഭിക്കും എന്ന സന്ദേശവും നല്കു വാൻ സാധിക്കുന്നുണ്ട്.പാചകത്തിൽ ഉള്ള താല്പര്യം എനിക്ക് എന്റെ മാതാപിതാക്കളിൽ നിന്നുമാണ് ലഭിച്ചത്. മിഷനിൽ പൊതു പരിപാടികൾക്ക് രുചികരമായ ഭക്ഷണം പാകംചെയ്യിപ്പിച്ച് നല്കു വാൻ സാധിച്ചതിൽ സന്തുഷ്ടനാണ്.

**൬. കൂടുതലായി എന്തെങ്കിലും അച്ചന് സാന്തോം ഫെലോ ഷിപ്പ് സഹോദരങ്ങളോട് പങ്കുവയ്ക്കാനുണ്ടോ?**

പ്രിയപ്പെട്ട സാന്തോം ഫെലോഷിപ്പ് വായനക്കാരോട് എനിക്ക് പറയാനുള്ളത് ഉജ്ജൈനിൽ മിഷനറിമാർ വന്ന് സുവിശേഷ വേല ചെയ്യുവാൻ തുടങ്ങിയിട്ട് 50 വർഷമായി. ധാരാളം ആൾക്കാരുമായി പരിചയപ്പെട്ടു ദൈവവചനം പങ്കുവച്ചു. മിഷനറിമാരെക്കുറിച്ച് അവർക്ക് ഉണ്ടായിരുന്ന ചില തെറ്റായ ധാരണകൾ മാറ്റി യേശുവി നെകുറിച്ചും സ്നേഹപിതാവായ ദൈവത്തെക്കുറിച്ചും പരിമിതമായ രീതിയിലാണെങ്കിലും അവരെ അറിയിക്കുവാൻ സാധിച്ചു. ഒരു കാലത്ത് ക്രൈസ്തവർക്ക് പ്രവേശനം നിഷേധിച്ചിരുന്ന രാജഗഢ് പ്രദേശത്ത് നമുക്ക് സ്കൂളുകളും, പള്ളികളും ഉണ്ടായി. നിഷേ ധാജ്ഞ നൽകിയിരുന്ന രാജാവിന്റെ പൂന്തോട്ടം നമുക്ക് സ്കൂളും പള്ളിയും വയ്ക്കുവാൻ നൽകി. എതിർപ്പുകൾ ഉണ്ടെങ്കിലും അതെല്ലാം മാറ്റി ദൈവചന പ്രഘോഷണത്തിനായി ദൈവം തന്നെ തന്റെ സന്ദേശവാഹകരെ അയയ്ക്കുന്നു. അവരെ സംരക്ഷിക്കു ന്നു. ദൈവത്തിന്റെ ശക്തിയിലും, പരിപാലനയിലും, കാരുണ്യത്തി ലും, അനുഗ്രഹത്തിലും ദൃഢമായി വിശ്വസിച്ച് തളരാതെ ഞങ്ങൾ നിരന്തരം പ്രവർത്തനനിരതരായി മുന്നേറുന്നു. ഇനിയും മിഷനറി മാർ എത്താത്ത ധാരാളം ഗ്രാമങ്ങളും ജനതയും ഈ രൂപതയിൽ ഉണ്ട്. മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും മിഷനും മിഷ നറിമാർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന സാന്തോം ഫെലോഷിപ്പ് അംഗങ്ങളെ ഞാൻ അനുമോദിക്കുന്നു. അതോടൊപ്പം നല്ല മിഷനറി ദൈവവിളികളെ പ്രോത്സാഹിപ്പിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. ഞങ്ങൾക്ക് വേണ്ടി ഇനിയും പ്രാർത്ഥിക്കണമേ.

Santhome Fellowship vol. 10 No. 3 October 2020 ₹ 25



# ആദരാഞ്ജലികൾ

എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നരുൾ ചെയ്ത ക്രിസ്തുനാഥന്റെ വാക്കുകൾക്ക് സ്വജീവിതം കൊണ്ട് സാക്ഷ്യമേകിയ എം. എസ്. റ്റി യിലെ മിഷനറിയാണ് കൊച്ചയങ്കനാൽ അച്ചൻ. സെന്തോമസ് മിഷനറി സൊസൈറ്റിയുടെ പ്രഥമ അംഗങ്ങളിലൊരാളാണ് റവ. ഫാ. ജോസഫ് കൊച്ചയങ്കനാൽ. പാലാരൂപതയുടെ വൈദികനായി 1964-ൽ തിരുപ്പട്ടം സ്വീകരിച്ച കൊച്ചയങ്കനാൽ അച്ചൻ പാലാരൂപതയിലെ തീക്കോയി, പൂവരണി, പാലാ കത്തീഡ്രൽ എന്നി ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും, മുണ്ടാങ്കൽ, വെള്ളികുളം, ചേന്നാട് എന്നി ഇടവകകളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. 1970-ൽ എം.എസ്.റ്റി യിൽ അംഗമായ അദ്ദേഹം എം.എസ്.റ്റി യുടെ ജനറൽ കൗൺസിലർ, പ്രൊകുറേറ്റർ എന്നി നിലകളിലും എം. എസ്.റ്റി യുടെ മിഷൻ രൂപതയായ ഉജ്ജൈയിനിലെ നാഗ്ദാ, നരസിംഘട്ട്, രാജ്ഘട്ട്, മെൻഡ്യ എന്നി സ്ഥലങ്ങളിലും, രൂപതയുടെയും, മിഷൻ റീജിയണിന്റെയും പ്രൊകുറേറ്റർ എന്ന നിലയിലും, ഉജ്ജൈയിനിലെ റൂഹാലയ സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവായും സേവനം അനുഷ്ടിച്ചു. 2013 മുതൽ മേലമ്പാറയിലുള്ള വൈദികസദനത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. കൊച്ചയങ്കനാൽ അച്ചൻ വളരെ കഠിനാദ്ധ്വാനിയും, സത്യസന്ധനും, സ്നേഹബന്ധങ്ങൾ നിലനിർത്തുന്നവനും, മൂല്യങ്ങളിൽ ഉറച്ചു നില്കുന്നവനും, സൗമ്യനും, ശാന്തനും ആണെന്ന് അച്ചന്റെ സഹപാഠികളും കൂടെ ജീവിച്ചവരും സാക്ഷ്യപ്പെടുത്തും.2020 സെപ്റ്റംബർ 8-ാം തീയതി ആ പുണ്യാത്മാവ് തന്റെ നാഥന്റെ പക്കലേക്ക് യാത്രയായി. വിശ്വാസത്തിനുവേണ്ടി ജീവിതം നല്കി നിലകൊള്ളുവാനും, അനുദിന ജീവിതത്തിൽ ദൈവം നമ്മുടെ പക്കലെത്തിക്കുന്ന സ്നേഹബന്ധങ്ങൾ ഊഷ്മളമായി നിലനിർത്തുവാനും ചെറിയ കാര്യങ്ങൾ പോലും ഉത്തരവാദിത്വബോധത്തോടെ ചെയ്യാനും നമ്മെ വിളിച്ച നാഥനുവേണ്ടി സാക്ഷ്യം നല്കാനും അച്ചന്റെ ജീവിതം നമുക്ക് പ്രചോദനമാകട്ടെ.